**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

ജൽജീവൻ പദ്ധതി നടപ്പിലാക്കുന്നതിലെ പ്രതിസന്ധി

മി. സ്പീക്കർ: ജൽജീവൻ മിഷൻ പദ്ധതി ലക്ഷ്യം കൈവരിക്കാത്തതായും കേന്ദ്ര ഫണ്ട് ലാപ്സായതുകൊണ്ട് പദ്ധതി താളംതെറ്റിയതായും പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ചചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ അനൂപ് ജേക്കബ്, അൻവർ സാദത്ത്, പി. കെ. ബഷീർ, മോൻസ് ജോസഫ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട വിഷയമാണ് അടിയന്തര പ്രമേയമായി വന്നിട്ടുള്ളത്. ഈ സഭയെ സംബന്ധിച്ചിടത്തോളം പലതവണ ഇത്തരം വിഷയങ്ങൾ ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്. നഗരങ്ങളിൽ നിന്ന് ഗ്രാമീണ ജനതയുടെ ഇടയിലേക്ക് ശുദ്ധജല വിതരണം നല്ലരീതിയിൽ നടത്തുന്നതിനാവശ്യമായ നടപടികളാണ്

ജൽജീവൻ മിഷനിലൂടെ നമുക്ക് പൂർത്തിയാക്കാനായി സാധിക്കുന്നത്. ഈ പദ്ധതിയുടെ ആരംഭം മുതലുള്ള എല്ലാ കാര്യങ്ങളിലും സഹകരിച്ചുവരുന്നവരാണ് ഈ നിയമസഭയിലെ ഓരോ അംഗങ്ങളും. ഈ പദ്ധതി ആരംഭിക്കുന്ന ഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്ന ഗ്രാമീണ ഭവനങ്ങളിലെ ശുദ്ധജലവുമായി ബന്ധപ്പെട്ടിട്ടുള്ള കണക്ഷന്റെ എണ്ണം പരിശോധിക്കുമ്പോൾ 17 ലക്ഷം മാത്രമാണെന്ന് മനസ്സിലാക്കാൻ കഴിയും. 17 ലക്ഷം കണക്ഷൻ കൊടുത്തിരുന്നൊരു സംസ്ഥാനത്ത് സസ്റ്റെയ്നബിളായി നമുക്ക് നല്ല ശുദ്ധജലം കൊടുക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതിന്റെ പ്രാധാന്യംകൂടി കണക്കിലെടുത്താണ് ഈ ഒരു പ്രോജക്ട് സംസ്ഥാനം ഏറ്റെടുത്തത്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സഹകരണത്തോടുകൂടി നടപ്പിലാക്കുന്ന ഈ പദ്ധതി കഴിഞ്ഞ മൂന്നര വർഷക്കാലംകൊണ്ട് പത്തൊമ്പതേകാൽ ലക്ഷം കണക്ഷൻകൂടി കൊടുക്കാൻ സാധിച്ചു. 17.50 ലക്ഷം കണക്ഷൻ കൊടുക്കാൻ കഴിഞ്ഞത് കഴിഞ്ഞ 60 വർഷക്കാലം കൊണ്ടാണ്. പക്ഷേ കേരളത്തെ സംബന്ധിച്ചിടത്തോളം ശുദ്ധജല ക്ഷാമത്തെ നേരിടേണ്ടിവരുമെന്ന ആശങ്കയൊന്നും ഒരു ഘട്ടംവരെ ഒരുപക്ഷേ ഉണ്ടായിരിക്കുമെന്ന് വിചാരിക്കാൻ

സാധിച്ചില്ല. ഇപ്പോൾ കാണിക്കുന്ന കണക്കുകളും ശുദ്ധജല ദൗർലഭ്യവുമെല്ലാം പരിഗണിച്ചുകൊണ്ട് ഇതെല്ലാ ഗ്രാമങ്ങളിലും പൈപ്പിലൂടെ വെള്ളം എത്തിച്ചുകൊടുക്കുന്ന പദ്ധതിക്കാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. കിണറുകളെ മാത്രം ആശ്രയിച്ച് എന്ന് വേണമെങ്കിൽ പറയാവുന്നതുപോലെ ശുദ്ധജലം ഉപയോഗിച്ചിരുന്ന ആൾക്കാരാണ് 70 ശതമാനത്തിലേറെ ആൾക്കാരും. അർബൻ മേഖലയിലുണ്ടായിരുന്ന സൗകര്യം ഗ്രാമീണ മേഖലയിലും വരാൻ പോകുന്നുവെന്ന പുതിയൊരു കാഴ്ചപ്പാടും ഇതിന്റെ ഭാഗമായി വരികയാണ്. എന്നാൽ ഇന്ന് കിണറിലെ വെള്ളവും അത്ര ശുദ്ധമല്ല. അതും മലിനമാണെന്ന് വന്നിരിക്കുന്നു. അപ്പോൾ നല്ല ആരോഗ്യ രംഗത്തെ പ്രവർത്തനങ്ങൾക്ക്കൂടി ഉപകരിക്കത്തക്ക വിധത്തിൽ ട്രീറ്റ് ചെയ്ത വെള്ളം എല്ലാ വീടുകളിലും എത്തിച്ച് കൊടുക്കുക എന്നത് കേരളംപോലുള്ള സംസ്ഥാനത്ത് കുറച്ച് ബുദ്ധിമുട്ടുകൾക്ക് രൂപം നൽകും. എങ്കിലും അതിനെ അതിജീവിക്കാനുള്ള എല്ലാ തയ്യാറെടുപ്പും സംസ്ഥാനം ചെയ്തു. കേന്ദ്ര ഗവൺമെന്റിന്റെ ഷെയറിന് ആനുപാതികമായ ഷെയർ നൽകിക്കൊണ്ട് ഈ പദ്ധതി പൂർത്തീകരിക്കാനാണ് നമ്മൾ ലക്ഷ്യം വച്ചിട്ടുള്ളത്. വിശദീകരണക്കുറിപ്പിൽ പറഞ്ഞതനുസരിച്ച് ഞാൻ

മനസ്സിലാക്കുന്നത് സംസ്ഥാനം ഇത്തരം കാര്യങ്ങളിൽ അലംഭാവം പുലർത്തുന്നതുകൊണ്ട് ഈ പദ്ധതിക്ക് ക്ഷീണം സംഭവിക്കുന്നു എന്നാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഇക്കാര്യത്തിൽ നമ്മൾ ജാഗ്രത പുലർത്തേണ്ടതുണ്ട് എന്നതുകൊണ്ടാണ് ആമുഖമായി ഞാനിത് സൂചിപ്പിക്കുന്നത്. തുടങ്ങിയ വർഷംമുതൽ പരിശോധിക്കുമ്പോൾ ആ കണക്കുകൾ നമുക്ക് മനസ്സിലാക്കാനായി സാധിക്കും. 2019-20 വർഷം 125 കോടി രൂപയും 2020-21-ൽ 621 കോടി രൂപയും 2021-22-ൽ 2017 കോടി രൂപയും 2022-23-ൽ 3483 കോടി രൂപയും 2023-2024-ൽ 2913 രൂപയും ചെലവഴിച്ചു. ഈ സാമ്പത്തിക വർഷം 570 കോടി രൂപയുംകൂടി ചെലവഴിച്ചത് നോക്കുമ്പോൾ 9730 കോടി രൂപ ചെലവഴിക്കപ്പെട്ട് കഴിഞ്ഞു. ഇതിനെ സംബന്ധിച്ചിടത്തോളം 2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്രം അനുവദിച്ച തുക ലാപ്സാക്കിയെന്ന വാക്കാണ് ഞാനിതിൽ ശ്രദ്ധിച്ചത്. അങ്ങനെ ലാപ്സാകേണ്ട കാര്യമില്ല. ആ നിലയിലല്ല ഈ പദ്ധതി ഏറ്റെടുത്ത് നമ്മൾ നടപ്പിലാക്കി വരുന്നത്. ഇതൊരു മിഷൻ മോഡ് പ്രോജക്ടാണ്. മിഷൻ മോഡ് എന്ന നിലയിൽ കേന്ദ്ര ഷെയറിനൊപ്പം സംസ്ഥാന ഷെയർ കൊടുത്ത് ആ

കാലാവധി വരെയെങ്കിലും മുന്നോട്ട് പോകാമായിരുന്നു, ഈ ഫണ്ട് ഉപയോഗിക്കാമായിരുന്നു. നമുക്ക് സ്വാതന്ത്ര്യമുണ്ട് അതിനുവേണ്ടി നമ്മൾ ശ്രമിക്കുന്നുമുണ്ട്. എന്നാൽ കാണേണ്ടതായിട്ടുള്ളത്, 2023-24-ൽ നമ്മൾക്ക് ലഭിച്ച ഫസ്റ്റ് ഇൻസ്റ്റാൾമെന്റിലെ first tranche 335.659 കോടി രൂപയായിരുന്നു. അതിന്റെ സ്റ്റേറ്റ് ഷെയർ 327.75 കൊടുത്തു. എന്നാൽ second tranche 335.59 കോടി രൂപ 31.10.2023-ൽ നമുക്ക് ലഭിച്ചപ്പോൾ അതിന്റെ സ്റ്റേറ്റ് ഷെയർ 11.12.2023-ൽ 327.95 കോടി രൂപ സംസ്ഥാന ഗവൺമെന്റ് കൊടുത്തുകൊണ്ടുള്ള ഉത്തരവായി. നമുക്ക് ഏവർക്കുമറിയാവുന്നതുപോലെ സംസ്ഥാനം കേന്ദ്രവുമായി നടത്തിക്കൊണ്ടിരിക്കുന്ന ഏറ്റുമുട്ടൽ, എന്താണ് ഏറ്റുമുട്ടൽ? നമ്മുടെ കടമെടുപ്പ് പരിധിയുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ, സാമ്പത്തികമായി സ്ട്രഗിളിംഗ് വന്ന സമയത്ത് അത്തരം വിഷയങ്ങളെ അതിജീവിക്കാൻ നമ്മൾ ഒരുമിച്ച് നിൽക്കേണ്ടതായിരുന്നു. കേന്ദ്രം നമുക്ക് നൽകേണ്ട വിഹിതം സമയബന്ധിതമായി നൽകാതിരുന്നതുമൂലം നമ്മൾ നേരിട്ടൊരു ബുദ്ധിമുട്ട് സംസ്ഥാനത്തെ പൊതുവെ ബാധിച്ചു. എന്നാൽ ഈ സാമ്പത്തിക വർഷം സെൻട്രൽ - സ്റ്റേറ്റിന് അനുസരിച്ചുള്ള വിഹിതം കൊടുത്ത്

കഴിഞ്ഞു, അത് വിതരണം ചെയ്ത് കഴിഞ്ഞു. അടുത്ത വിഹിതം ലഭിക്കുന്നതിനുവേണ്ടി നമ്മൾ വീണ്ടും മൂവ് ചെയ്യുകയാണ്. ഇവിടെ കാണേണ്ടൊരു കാര്യം, 2023-24-ൽ 671 കോടി രൂപയാണ് സെൻട്രൽ ഷെയർ. എന്നാൽ ആ ഘട്ടത്തിൽ സംസ്ഥാനം 1207 കോടി രൂപ ഈ സംസ്ഥാനത്ത് കൊടുത്തുവെന്നതാണ് പ്രധാനപ്പെട്ട കാര്യം. അതിനേക്കാൾ ഏറെ നമുക്ക് ഉപയോഗിക്കാൻ കഴിഞ്ഞു. ചില സാമ്പത്തിക വർഷവും ചില ഘട്ടങ്ങളിലും അങ്ങോട്ടുമിങ്ങോട്ടും ചില ഏറ്റക്കുറച്ചിലുകളുണ്ടാകാമെന്നത് ഒഴിച്ചാൽ എല്ലാ കുടുംബങ്ങളിലും വെള്ളമെത്തുന്നതിനുവേണ്ടി നമ്മൾ നടത്തിയിട്ടുള്ള പരിശ്രമം ഒരിക്കലും പാഴാകുന്ന പ്രശ്നമില്ല. ഇത് പരസ്പരം മനസ്സിലാക്കി നമ്മൾ മുന്നോട്ട് പോകേണ്ടതാണ്. അങ്ങനെ ഒരിക്കലും ഫണ്ട് ലാപ്സായിപോകുന്ന പ്രശ്നമുദിക്കുന്നില്ല. ഷെയർ കൊടുക്കുന്ന കാര്യത്തിൽ തടസ്സങ്ങൾ വരാതെ നോക്കിയും പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്തു കൊണ്ട് ഈ പദ്ധതി നടപ്പിലാക്കാൻ തന്നെയാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതുകൊണ്ട് ലാപ്സായി എന്ന വാദഗതി ശരിയല്ല. രണ്ടാമതൊരു കാര്യമായി ഉന്നയിച്ചത്, സംസ്ഥാനത്ത് 2020 ഒക്ടോബറിൽ തുടങ്ങിയ പദ്ധതി

നാളിതുവരെ 38.86 ശതമാനം മാത്രമാണ് പൂർത്തിയായതെന്ന് പറഞ്ഞു. അത് ശരിയായ കണക്കല്ല. നമ്മുടെ സംസ്ഥാനത്ത് ഇത് ആരംഭിക്കുമ്പോൾ ഇവിടെത്തെ ശതമാനമെടുത്ത് നോക്കിയാൽ കാണാൻ കഴിയുന്നത് അന്നത്തെ സമയത്ത് നമുക്ക് 23.50 ശതമാനമാണ് സംസ്ഥാനത്ത് വെള്ളം കൊടുക്കാൻ കഴിഞ്ഞിരുന്നത്. എന്നാൽ ഇപ്പോൾ അതിന്റെ കണക്ക് 54.50 ശതമാനമായി. അതല്ലേ കാണേണ്ടത്. ഇത് ജലശക്തി മിഷന്റെ കണക്കാണ്. നമ്മൾ ഇതിനെ കുറച്ച് കാണരുത്. നമ്മൾ ഈ കാര്യങ്ങളെ സംസ്ഥാനത്തിന്റെ താൽപ്പര്യമായിതന്നെ കാണണം. വടക്കേന്ത്യൻ സംസ്ഥാനങ്ങളിലൊക്കെ 75 ശതനമാനം നാഷണൽ ആവറേജെന്ന് പറയുമ്പോൾ അവിടെ ജൽജീവൻ മിഷന്റെ പ്രവർത്തനം ആരംഭിക്കുമ്പോൾത്തന്നെ 40 ശതമാനത്തിലേറെ മൈക്രോപ്രോജക്ടിലൂടെ വെള്ളം കൊടത്ത് സസ്റ്റെയിനബിൾ എന്ന് പറയാൻ കഴിയില്ലെങ്കിലും കവറേജ് ഉണ്ടായിരുന്നതുകൊണ്ടാണ് ആ കണക്ക് പറഞ്ഞിട്ടുള്ളത്. നേരെമറിച്ച് നമ്മളെ സംബന്ധിച്ച് നമുക്ക് 23.50 ശതമാനമാണ് കൊടുക്കാൻ കഴിഞ്ഞിരുന്നത്. അത് 54.50 ശതമാനമായി. മാത്രമല്ല വെള്ളം കൊടുക്കേണ്ട പുതിയ പദ്ധതികൾ ഓൺഗോയിംഗിൽ

നിൽക്കുകയാണ്. അത് നടപ്പിലാക്കി കഴിയുമ്പോഴാണ് പൂർണ്ണ തോതിലേക്ക് എത്താൻ കഴിയുന്നത്. വരുന്ന 1.5 വർഷക്കാലംകൊണ്ട് നല്ല രീതിയിൽ ഇത് പുരോഗതി പ്രാപിക്കാൻ കഴിയും. അതുകൊണ്ട് എല്ലാവരും ഇക്കാര്യത്തിൽ സഹകരിക്കുകയാണ് ആവശ്യം. ഇക്കാര്യങ്ങൾ മനസ്സിലാക്കാൻ സാധിച്ചതും ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്യപ്പെടേണ്ടതും പലതവണ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള വിഷയമാണെന്നതുകൊണ്ടും എല്ലാ മേഖലയിലും എല്ലാവരും ഇതിനോടൊപ്പം പ്രവർത്തിക്കുന്നവരായതുകൊണ്ടും ഇക്കാര്യം ഗൗരവത്തോടെത്തന്നെ കണ്ട് മുന്നോട്ട് പോകുന്ന ഗവൺമെന്റിന്റെ നീക്കങ്ങളെ അപ്രീഷിയേറ്റ് ചെയ്യുകയാണ് ചെയ്യേണ്ടത്. പോരായ്മകൾ പരിഹരിച്ച് പോകാൻ ഗവൺമെന്റ് ശ്രമിക്കും. അതുകൊണ്ട് ഈ വിഷയം സഭ നിർത്തി വച്ച് ചർച്ച ചെയ്യേണ്ടതില്ല.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി പദ്ധതിയെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ഇവിടെ സൂചിപ്പിച്ചു. അതുസംബന്ധിച്ച് ഞങ്ങൾക്കാർക്കും ആക്ഷേപമില്ല. ഇത് പ്രധാനപ്പെട്ടൊരു പദ്ധതിയാണ്. അതിന്റെ പ്രാധാന്യം ഇവിടെയിരിക്കുന്ന ഓരോ ജനപ്രതിനിധിക്കും

അറിയാവുന്നതാണ്. 'ജൽജീവൻ മിഷൻ' പദ്ധതിയിൽ ഈ ഗവൺമെന്റ് വരുത്തിയിരിക്കുന്ന വീഴ്ചകളാണ് ഈ ഉപക്ഷേപത്തിലൂടെ ചൂണ്ടിക്കാട്ടാൻ ആഗ്രഹിക്കുന്നത്. കേരളത്തിൽ കുടിവെള്ളം ലഭിക്കാത്ത വലിയ സാഹചര്യങ്ങൾ പല സ്ഥലങ്ങളിലും ഇന്ന് നിലനിൽക്കുകയാണ്. ഗ്രാമീണ മേഖലയിൽ സമ്പൂർണ്ണമായും ശുദ്ധജലമെത്തിക്കാൻ കഴിയുമെന്ന് നമ്മളെല്ലാവരും പ്രതീക്ഷിക്കുകയും കരുതുകയും ചെയ്തിരുന്ന സമ്പൂർണ്ണ കുടിവെള്ള പദ്ധതിയായ ജൽജീവൻ പദ്ധതി ഈ സർക്കാരിന്റെ അനാസ്ഥയും പിടിപ്പുകേടും സാമ്പത്തിക അരാജകത്വവും കാരണം ഇന്ന് കേരളത്തിൽ നിശ്ചലമായി പോകുന്ന ഗുരുതരമായ സാഹചര്യം ഇന്ന് ഉടലെടുത്തിരിക്കുകയാണ്. പല സ്ഥലങ്ങളിലും ഇന്ന് ശുദ്ധജലം ലഭിക്കാത്തതിന്റെ പേരിൽ പലതരത്തിൽ രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നത് റിപ്പോർട്ട് ചെയ്യപ്പെടുകയാണെന്ന് നിങ്ങൾ മനസ്സിലാക്കണം. കേരളത്തിൽ ശുദ്ധജലത്തിനായി മണിക്കൂറുകളോളം വണ്ടിയിലെ വെള്ളത്തിനായി കാത്തിരിക്കുന്നവർ ഇന്നും ഈ കേരളത്തിലുണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റേയും ശ്രദ്ധയിൽകൊണ്ടുവരാൻ ഞാൻ

ആഗ്രഹിക്കുകയാണ്. ജൽജീവൻ പദ്ധതി അട്ടിമറിക്കപ്പെടുമ്പോൾ അതിന്റെ ഗൗരവം ഞങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുവാനാണ് ആഗ്രഹിക്കുന്നത്. 2019-ൽ ഈ പദ്ധതി പ്രഖ്യാപിച്ചു. 2020 ഒക്ടോബറിൽ ഒരു വർഷം വൈകി ഗവൺമെന്റ് ഈ പദ്ധതിയുടെ ഭാഗമാകുന്നു. 2020 ഒക്ടോബറിൽ ധൃതിപിടിച്ച് സംസ്ഥാനം ഈ പദ്ധതിയുടെ ഭാഗമാകുമ്പോൾ അവർ ചെയ്തത് അഞ്ചും എട്ടും വർഷംമുമ്പുള്ള ചില പഴയ പ്രോജക്ടുകൾ പൊടിതട്ടിയെടുത്ത് പുതിയ സർവേകൾപോലും നടത്താതെ ഗൂഗിൾ മാപ്പിംഗിലൂടെ നടപ്പിലാക്കി ജൽജീവൻ മിഷൻ പദ്ധതിയിൽ വച്ച് അനുമതി വാങ്ങിച്ചെടുക്കുന്ന സാഹചര്യത്തിലേയ്ക്ക് നീങ്ങിയിട്ടുണ്ട്. ഈ പദ്ധതി ആദ്യം തന്നെ പാളിപ്പോയി. പത്തൊൻപതര ലക്ഷം പേർക്ക് പുതുതായി കണക്ഷൻ കൊടുത്തുവെന്ന് ബഹുമാനപ്പെട്ട മന്ത്രി അവകാശപ്പെടുകയാണ്. ഈ കണക്ഷൻ കൊടുത്തത് എവിടെ നിന്നാണ്; നിലവിലുള്ള പദ്ധതി പ്രകാരം നിലവിലുള്ള ഡിസ്ട്രിബ്യൂഷൻ ലൈനുകളിലും ടാങ്കുകളിലും നിന്നുമാണ്. നിങ്ങൾ പദ്ധതികൾ വിപുലീകരിക്കാതെ 20 ലക്ഷം കണക്ഷനുകൾ കൊടുക്കുമ്പോൾ എന്താണ് സംഭവിച്ചത്; വെള്ളം ലഭിക്കുന്നവർക്ക് വെള്ളം ഇല്ലാതാകുകയും കണക്ഷൻ ലഭിച്ചവർക്ക്

വെള്ളമില്ലാത്ത അവസ്ഥയുമായി. ആറുലക്ഷം പുതിയ കണക്ഷൻ ലഭിച്ചവർക്ക് പൈപ്പ് തുറന്നാൽ കാറ്റിന്റെ ഒച്ചപോലും അതിലൂടെ കേൾക്കാൻ കഴിയാത്ത അവസ്ഥയാണ് കേരളത്തിലുള്ളത്. ആദ്യത്തെ രണ്ട് വർഷം ഈ പദ്ധതി കുഴപ്പങ്ങളൊന്നുമില്ലാതെ മുമ്പോട്ടുപോയിയെന്നത് ഞങ്ങൾ സമ്മതിക്കുന്നു. എന്നാൽ 2023 മുതൽ ഇത് തകിടം മറിയുന്നതാണ് കാണാൻ കഴിയുന്നത്. ഫണ്ട് ലാപ്സായില്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞു. ഫണ്ട് വിനിയോഗിച്ചിട്ടില്ലായെന്ന് അങ്ങ് മറുപടി പറഞ്ഞപ്പോൾ നിയമസഭയിൽ സമ്മതിച്ചിട്ടുള്ളതാണ്. 2023 ഒക്ടോബറിൽ കേന്ദ്ര ഗവൺമെന്റ് നൽകിയ ഫണ്ടിന് ആനുപാതികമായ തുക 15 ദിവസത്തിനുള്ളിൽ നോഡൽ അക്കൗണ്ടിലേയ്ക്ക് സംസ്ഥാനവിഹിതം എത്തിക്കണമെന്ന് ഗവൺമെന്റിന് അറിയാം. സ്റ്റേറ്റ് ഷെയർ 3 മുതൽ 5 മാസം വരെ വൈകിയാണ് വിഹിതമായിവച്ചത്. അതിന്റെ പശ്ചാത്തലത്തിൽ യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് സഹിതം കൊടുക്കാൻ കഴിയാതെ പോയി. അതിനാൽ പിന്നീടുള്ള വിഹിതം എടുക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് മന്ത്രി ഈ നിയമസഭയിൽ നൽകിയ മറുപടിയിലുണ്ട്. കേന്ദ്ര ഫണ്ട് ലാപ്സായിപ്പോയി എന്നാണ് അതിനർത്ഥം.

ജൽജീവൻ മിഷന്റെ അക്കൗണ്ട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽനിന്ന് കാനറാ ബാങ്കിലേയ്ക്ക് കഴിഞ്ഞ സാമ്പത്തിക വർഷം അവസാനിക്കുന്ന സമയത്ത് ധൃതിപിടിച്ച് മാറ്റി. അവിടെ അതിന്റെ ഭാഗമായി പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെൻ്റ് സിസ്റ്റം (PFMS) അപ്ഡേറ്റ് ചെയ്യാൻ കഴിയാത്തതിന്റെ പേരിൽ നഷ്ടപ്പെട്ടത് ഏകദേശം 300 കോടി രൂപയാണ്. 2021-22 മുതൽ നടപ്പ് സാമ്പത്തിവർഷം (2024-25) വരെ കേന്ദ്രം അനുവദിച്ച വിവിധ ഫണ്ടുകളിൽനിന്ന് അഞ്ച് ശതമാനം തുക വിനിയോഗിച്ചിട്ടില്ലായെന്ന് ഗവൺമെന്റ് നൽകിയ മറുപടി പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയും. നമുക്ക് അർഹതപ്പെട്ട തുക കൂടുതൽ വാങ്ങിച്ചെടുക്കാനുള്ള സാഹചര്യങ്ങളുണ്ടായിരുന്നു. ഈ നാല് വർഷം ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാൻ കഴിയാതെ പോയതിനാൽ സ്റ്റേറ്റിന് ലഭിക്കേണ്ട കൂടുതൽ വിഹിതം വാങ്ങിച്ചെടുക്കുന്ന കാര്യത്തിൽ നമുക്ക് പരാജയം സംഭവിച്ചതാണ് പ്രധാനപ്പെട്ട പോയിന്റ്. നമുക്ക് ലഭിക്കേണ്ട അർഹതപ്പെട്ട തുക വാങ്ങിച്ചെടുക്കാൻ കഴിയാത്ത സാഹചര്യം ഇവിടെയുണ്ടായി. 2024-25-ലേയ്ക്ക് ഈ പദ്ധതി കടക്കുകയാണ്. യഥാർത്ഥത്തിൽ 2024 മാർച്ച് മാസത്തിൽ ഈ

പദ്ധതി അവസാനിച്ചു. 2025-ലേയ്ക്ക് ഈ പദ്ധതി ദീർഘിപ്പിക്കണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടെങ്കിലും അനുമതി ലഭിച്ചിട്ടുണ്ടോ ഇല്ലയോയെന്നുള്ള കാര്യം വ്യക്തമാക്കേണ്ട വിഷയമാണ്. 1949.36 കോടി രൂപ ഇപ്പോൾ തുടരുന്ന പദ്ധതികൾക്കുവേണ്ടി കേന്ദ്രം നൽകിയിട്ടുണ്ട്. അതിനായി ബഡ്ജറ്റിൽ ഏകദേശം 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പൂർണ്ണതോതിൽ പൂർത്തിയാകണമെങ്കിൽ കേന്ദ്ര ഗവൺമെന്റ് വിഹിതത്തിന് ആനുപാതികമായി സ്റ്റേറ്റ് ഷെയർ വിഹിതമായി 15000 കോടി രൂപ അധികമായി കണ്ടെത്തി ഇതിലേയ്ക്ക് കൊണ്ടുവരണം. അത് എങ്ങനെ ചെയ്യാനാണ് നിങ്ങൾ ഉദ്ദേശിക്കുന്നത്; ഈ സമയപരിധിക്കുള്ളിൽ തീർക്കാൻ നിങ്ങൾക്ക് കഴിയുമോ; പുതിയ പദ്ധതികൾ ഒന്നുംതന്നെ call for ചെയ്യരുത്. 2024 മാർച്ചിനുശേഷം വരുന്ന പദ്ധതികളൊന്നും ഇതിലേയ്ക്ക് ഉൾപ്പെടുത്തുകയില്ലായെന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ടെങ്കിലും കൂടുതൽ ടെൻഡറുകൾ വാട്ടർ അതോറിറ്റി വിളിക്കുന്നുണ്ട്. അതൊക്കെ ജൽജീവൻ പദ്ധതിയിലുൾപ്പെടുത്താനാണോ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്; ഭൂമിയേറ്റെടുക്കുന്നതിനുള്ള കാലതാമസമാണ് ഈ പദ്ധതി വൈകാനുള്ള

കാരണമായി ഗവൺമെന്റ് ഉയത്തിയിരിക്കുന്നത്. ഭൂമി പഞ്ചായത്തുകാരാണ് ഏറ്റെടുക്കേണ്ടത്. ചില പഞ്ചായത്തുകൾ ഏറ്റെടുക്കുകയും ചില പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാൻ കഴിയാത്ത സ്ഥിതിയുമാണ്. ചില പ്രായോഗിക പ്രശ്നങ്ങൾ വരുന്നയിടങ്ങളിൽ ഗവൺമെന്റ് ഭൂമിയേറ്റെടുക്കൽ നടപടികൾ ആരംഭിക്കണം. അല്ലാതെ ഇത്തരത്തിലുള്ള മറുപടിയല്ല ഞങ്ങൾ പ്രതീക്ഷിക്കുന്നത്. പദ്ധതിയെ സംബന്ധിച്ചുള്ള ക്രമക്കേടുകളും ആരോപിക്കപ്പെട്ടിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ടെൻഡറുമായി ബന്ധപ്പെട്ട് വലിയ ക്രമക്കേട് നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കാനായി വകുപ്പുതല വിജിലൻസ് അന്വേഷണം ഇപ്പോൾ നടക്കുകയാണ്. ചീഫ് എഞ്ചിനീയറും സൂപ്രണ്ടിംഗ് എഞ്ചിനീയറും അടക്കമുള്ള ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല എൻക്വയറി നടക്കുകയാണ്. പ്രധാനപ്പെട്ട ഒരു പ്രോജക്ടിന്റെ സുതാര്യതപോലും ഇന്ന് ചോദ്യം ചെയ്യപ്പെടുന്ന നിലയിലേക്ക് മാറിയിരിക്കുന്നു. ഏറ്റവും ഒടുവിൽ കരാറുകാർക്കുള്ള വലിയ കുടിശ്ശികകയുമായി ബന്ധപ്പെട്ട വിഷയം മന്ത്രിക്കും മുഖ്യമന്ത്രിക്കും നിവേദനം നൽകിയിട്ടുണ്ട്. 3500 കോടി രൂപയുടെ കുടിശ്ശികയാണ് വിവിധ കരാറുകാർക്ക് ഇപ്പോൾ ലഭിക്കാനുള്ളത്. 19 മാസത്തെ

കുടിശ്ശിക മെയിന്റനൻസ് കരാറുകാർക്ക് നൽകാനുണ്ട്. ചെറുകിട കരാറുകാരെയാണ് മെയിന്റനൻസ് കാരാറുകാർ എന്ന് പറയുന്നത്. നമ്മുടെ നാട്ടിൽ പൈപ്പുകൾ പൊട്ടിയാൽ നേരിട്ട് വിളിക്കുന്നത് മെയിന്റനൻസ് കരാറുകാരെയാണ്. 19 മാസത്തെ കുടിശ്ശികയാണ് അവർക്ക് കൊടുക്കാനുള്ളത്. വെള്ളകരം ഞങ്ങൾ വർധിപ്പിച്ച് നിങ്ങളുടെ കുടിശ്ശിക തീർത്തുതരാമെന്നാണ് അവരോട് പറഞ്ഞത്. പെട്രോളിന് സെസ്സ് ഏർപ്പെടുത്തിയാൽ പെൻഷൻ കൊടുക്കാമെന്ന് പറഞ്ഞ അതേ നമ്പർതന്നെയാണ് ഇതിലും പ്രയോഗിച്ചത്. അവസാനം സംഭവിച്ചത് എന്താണ്; വെള്ളക്കരം വർധിപ്പിച്ച് 95 കോടി രൂപയോളം വാട്ടർ അതോറിറ്റിക്ക് സമാഹരിക്കാൻ കഴിഞ്ഞെങ്കിലും കുടിശ്ശിക അവിടെത്തന്നെ നിൽക്കുകയാണ്. വാട്ടർ അതോറിറ്റിക്ക് 1352 കോടി രൂപയോളം വിവിധ ഇനങ്ങളിൽ കുടിശ്ശികയായി സർക്കാർ ഡിപ്പാർട്ടുമെന്റുകളിൽനിന്നും വിവിധ ഗവൺമെന്റ് ഏജൻസികളിൽനിന്നും സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും പിരിച്ചുകിട്ടാനുണ്ട്. ആ തുക പിരിച്ചെടുക്കുന്നതിൽ ശുഷ്കാന്തി കാണിച്ചിരുന്നെങ്കിൽ ഈ അന്യായമായ ചാർജ് വർധനവ് ഒഴിവാക്കാമായിരുന്നു. വൈദ്യുതി ചാർജ്, സ്റ്റാമ്പ് ഡ്യൂട്ടി,

രജിസ്ട്രേഷൻ ഫീസ്, ലാന്റ് ടാക്സ്, ബിൽഡിംഗ് ടാക്സ് തുടങ്ങിയവയെല്ലാം ഇപ്പോൾ ഇവർ വർധിപ്പിച്ചതിനാൽ വിലക്കയറ്റംമൂലം പൊറുതിമുട്ടുന്ന ജനങ്ങളുടെമേൽ സർവീസ് ചാർജ്ജുകൾകൂടി വർധിപ്പിച്ച് ഇരുട്ടടി നൽകുമ്പോൾ നിങ്ങൾക്ക് എന്ത് പ്രതിബദ്ധതയാണ് ജനങ്ങളോടുള്ളത്; ചാർജ് വർധിപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ ഏതെങ്കിലും തരത്തിൽ കടിശ്ശിക കൊടുത്തുതീർക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; അതുമുണ്ടായിട്ടില്ല. ഇപ്പോഴത്തെ അവസ്ഥയെന്താണ്; രാജ്യത്ത് ഈ പദ്ധതി നിർവ്വഹണത്തിൽ കേരളം ഏറ്റവും പിന്നിലായിരിക്കുന്നു. 33 പദ്ധതികൾ പരിപൂർണ്ണമായും നിശ്ചലമായിരിക്കുന്നു. പത്തനംതിട്ട, എറണാകുളം, കാസർഗോഡ്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ ഈ പദ്ധതി ഏറെ അവതാളത്തിലേയ്ക്ക് പോയിരിക്കുന്നു. ഇത് മുമ്പോട്ടുപോകാൻ കഴിയാത്തനിലയിലേയ്ക്ക് എത്തിയിരിക്കുന്നു. റോഡുകളുടെ അവസ്ഥയെന്താണ്; ഇവിടെ ഇരിക്കുന്ന 140 എം.എൽ.എ.-മാരെ സംബന്ധിച്ച്, ഓരോ ദിവസവും കേൾക്കുന്ന പ്രധാനപ്പെട്ട പരാതികളിലൊന്നാണ് സകല പഞ്ചായത്ത് റോഡുകളും തകർന്ന് തരിപ്പണമായിരിക്കുന്നുവെന്നത്. എല്ലാ റോഡുകളും വെട്ടി

പൊളിച്ചിട്ടിരിക്കുകയാണ്. ഭരണാനുമതി ലഭിച്ച ആദ്യത്തെ 1,2,3 പദ്ധതികൾ റെസ്റ്റൊറേഷൻ എമൗണ്ടില്ലായെന്ന് ഗവൺമെന്റ്തന്നെ പറയുന്നുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അൺടൈഡ് ഗ്രാന്റ് ഉപയോഗിക്കുവാൻ പഞ്ചായത്തുകൾക്ക് അനുമതിയുണ്ടെന്നാണ് ഇവർ പറയുന്നത്. അത് പഞ്ചായത്ത് പ്രസിഡന്റുമാരെ വിളിച്ച് അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ; പഞ്ചായത്തുകളെ ഞെക്കിപ്പിഴിഞ്ഞ് ഒരു ഭാഗത്ത് ഇട്ടിരിക്കുകയാണ്. അതിനിടയിലാണ് വാട്ടർ അതോറിറ്റി കുത്തിപ്പൊട്ടിച്ച് ഇട്ടിരിക്കുന്ന റോഡുകൾ നവീകരിക്കാൻ ഈ ഫണ്ടുപയോഗിക്കാൻ പറഞ്ഞത്. ഏകദേശം 30 മുതൽ 40 കിലോമീറ്റർ വരെ മിനിമം പഞ്ചായത്ത് റോഡുകൾ പൊളിച്ചിട്ടുണ്ട്. ചില പഞ്ചായത്തുകൾ 80 കിലോമീറ്ററോളം പൊളിച്ചിട്ടുണ്ട്. അതിന് 3 കോടി രൂപയോളം മിനിമം തുക വേണ്ടിവരുന്നുവെന്നാണ് അന്വേഷിച്ചപ്പോൾ അറിയാൻ സാധിച്ചത്. അവിടെ എങ്ങനെ ഈ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാൻ കഴിയും. ഭരണാനുമതി ലഭിച്ച നാലുംഅഞ്ചും പദ്ധതികളിലെ റെസ്റ്റൊറേഷൻ എമൗണ്ട് ഗവൺമെന്റ് വകയിരുത്തിയിട്ടുണ്ട്. പക്ഷേ അതിൽ പൊളിച്ച റോഡുകളിലും റെസ്റ്റൊറേഷൻ ഉണ്ടാകുന്നില്ല. ആ

റോഡുകളും ഇതേനിലയിൽ തകർന്നുകിടക്കുന്നു. പി.ഡബ്ല്യൂ.ഡി. റോഡുകളുടെ അവസ്ഥയും സമാനമാണ്. ആ റോഡുകൾക്ക് ഫണ്ട് വച്ചാൽ മാത്രമെ അത് എസ്റ്റിമേറ്റ് ചെയ്യാനുള്ള അനുമതി നൽകുകയുള്ളൂ. ഫണ്ട് അനുവദിച്ച/പൂർണ്ണമായും റെസ്റ്റൊറേഷൻ എമൗണ്ട് കെട്ടിവച്ച റോഡുകൾപോലും നവീകരിച്ചിട്ടില്ല. ആലുവ-മൂന്നാർ റോഡ് ഒരു പ്രധാനപ്പെട്ട ഉദാഹരണമാണ്. ആലുവ-പെരുമ്പാവൂർ റോഡുൾപ്പെടെ തകർന്നുകിടക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലടക്കം എത്രയോ പ്രദേശങ്ങളിലെ പൊതുമരാമത്ത് റോഡുകൾ തകർന്നുകിടക്കുന്നുണ്ട്. ഈ പഞ്ചായത്ത് റോഡുകൾ എങ്ങനെ നവീകരിച്ചെടുക്കാൻ കഴിയും എന്നുള്ളതാണ് ചിന്തിക്കേണ്ടത്. ഈ റോഡുകളിലെ കുഴികളിൽ വീണുണ്ടാകുന്ന അപകടങ്ങൾ ഇരട്ടിയായിക്കൊണ്ടിരിക്കുന്നു. പൈപ്പിലൂടെ വെള്ളവുമില്ല റോഡുമില്ലാത്ത അവസ്ഥയാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഇതാണ് ഓരോ ജനപ്രതിനിധികളും ജനങ്ങളും ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രതിസന്ധിയായി മാറിയിരിക്കുന്നത്. അതിനാൽ അടിയന്തരമായി റോഡുകൾ റെസ്റ്റൊറേഷൻ നടത്താനുള്ള നടപടികളിലേയ്ക്ക് ഗവൺമെന്റ് നീങ്ങണം.

ഇത്രയും വലിയൊരു പ്രോജക്ട് ഏറ്റെടുക്കുന്നുവെന്ന ഗൗരവം ഗവൺമെന്റ് ഇതുവരെയെടുത്തിട്ടില്ല. ഏകദേശം 44000 കോടി രൂപയ്ക്ക് മുകളിലുള്ള ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ്. ഈ പദ്ധതിയെ അതിന്റെ കൃത്യമായ രീതിയിൽ ഹോംവർക്ക് ചെയ്ത് കടന്നുവരാൻ ഗവൺമെന്റിന് കഴിഞ്ഞില്ലായെന്നുള്ളതാണ് ആദ്യം മുതൽ പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയുന്നത്. ഈ പദ്ധതി 2020-ൽ വൈകി ആരംഭിച്ചത്, കണക്ഷനുകൾ നൽകിയത്, പ്രോജക്ടുകൾ വച്ചതിന്റെ ആക്ഷേപം, ഭൂമിയേറ്റെടുക്കാൻ കഴിയാത്ത അവസ്ഥ, കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക, സ്റ്റേറ്റ് വിഹിതം കൃത്യമായി നൽകാൻ സാധിക്കാത്ത അവസ്ഥ തുടങ്ങിയ വിഷയങ്ങൾ വന്നപ്പോൾ അടുത്ത 40 വർഷത്തേയ്ക്ക് നമ്മൾ വിഭാവന ചെയ്ത ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കുമെന്ന സ്വപ്നം, സ്വപ്നമായി മാത്രം അവശേഷിക്കുന്ന നിലവിൽ ശൈശവദശയിൽത്തന്നെ ഈ പദ്ധതിയെ ഗവൺമെന്റ് ഇല്ലാതാക്കിയെന്നാണ് പറയാനുള്ളത്. ഇതൊരു സാമൂഹിക പ്രശ്നം തന്നെയാണ്. കുടിക്കാനുള്ള വെള്ളം ഒരു മനുഷ്യന്റെ അവകാശമാണ്. ആ അവകാശത്തെ നിഷേധിക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ട്

ഗുരുതരമായ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ പ്രമേയാവതാരകന്റെ സംസാരം കേട്ടപ്പോൾ ആദ്യഘട്ടത്തിൽ യാഥാർത്ഥ്യബോധത്തോടെയാണ് ചിന്തിച്ചത്. പക്ഷേ സമ്പൂർണ്ണമായും കുടിവെള്ളം നൽകുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ പദ്ധതിക്ക് സംസ്ഥാനം നല്ല പ്രയോരിറ്റി കൊടുത്ത് മുന്നോട്ടുപോകുകയാണെന്ന കാര്യം മനസ്സിലാക്കേണ്ടതാണ്. എവിടെയാണ് ഈ പദ്ധതിക്ക് താളംതെറ്റിയതെന്ന് എം.എൽ.എ.-മാരായിരിക്കുന്ന ഓരോരുത്തരും ചിന്തിക്കുക. സമ്പൂർണ്ണമായി കുടിവെള്ളം നൽകുന്നതിൽ ഒരു ആക്ഷേപവും ഉണ്ടായിട്ടില്ലെന്നാണ് ഞാൻ സൂചിപ്പിച്ചത്. ഇതുസംബന്ധിച്ച പ്രവൃത്തികൾ നടക്കുന്ന ഘട്ടത്തിൽ ചില ബുദ്ധിമുട്ടുകൾ വരാം. റോഡ് പൊളിക്കാതെ ഈ ജോലികൾ ചെയ്യാൻ കഴിയാത്തതിനാൽ അതിനുവേണ്ടി ഒരു മാർഗ്ഗവും ആവിഷ്കരിക്കാൻ കഴിയുന്ന സ്ഥിതിയില്ല. പുതിയ കണക്ഷൻ കൊടുത്തത് നിലവിലുള്ള സിസ്റ്റത്തിൽ നിന്നാണ്. അല്ലാതെ എങ്ങനെയാണ് പുതിയ കണക്ഷൻ കൊടുക്കാൻ

കഴിയുന്നത്? ഇപ്പോൾ ആരംഭിച്ച ആ പദ്ധതികളുടെ പണി പൂർത്തിയാകുമ്പോൾ അതിൽനിന്നും വെള്ളം കൊടുക്കാൻ കഴിയുമെന്നല്ലാതെ ഒരു പദ്ധതി ആരംഭിക്കുന്ന ദിവസംതന്നെ വേറെ കണക്ഷൻ കൊടുക്കാൻ കഴിയുമോ? നമ്മുടെ സംസ്ഥാനത്ത് ഇത്രയും MLD വാട്ടർ പുതിയതായി കൊണ്ടുവരാൻ കഴിയുന്നതിനാൽ അതിൽ ആശങ്ക വേണ്ട. പണി പൂർത്തിയായപ്പോൾ റിസർവായി ഇരുന്ന സ്ഥലത്ത് കുറേക്കൂടി കണക്ഷൻ കൊടുത്ത് ആൾക്കാർക്ക് സൗകര്യപ്രദമായി ഉപയോഗിക്കാൻ പെർമിഷൻ കൊടുത്തത് തെറ്റായിപ്പോയോ? അവിടെ വെള്ളം കിട്ടുന്നില്ലെന്ന ഒരു ആക്ഷേപം പറഞ്ഞത് സംബന്ധിച്ച് പരിശോധിക്കും. വെള്ളം കിട്ടാത്ത ഒരു കൺസ്യൂമർ പോലും ഒരു രൂപയും വാട്ടർ ചാർജ്ജായി വാട്ടർ അതോറിറ്റിയിൽ അടയ്ക്കേണ്ടതില്ല. അക്കാര്യം കൃത്യമായി പരിശോധിക്കുന്നതിനുള്ള എല്ലാ ക്രമീകരണവും നടത്തിയിട്ടുള്ളതിനാൽ ഇതിനോട് സഹകരിക്കുക എന്നത് മാത്രമേയുള്ളൂ.

വാഹനത്തിൽ വെള്ളം കൊടുക്കുക എന്നുള്ളത് പണ്ടുകാലം മുതലുള്ളതല്ലേ? ഏത് കാലത്താണ് വാഹനത്തിൽ വെള്ളം കൊടുക്കാതിരുന്നത്. വേനൽക്കാലമാകുമ്പോഴും കൊടുക്കും. സമീപകാലത്ത് ഈ വിഷയം

നിയമസഭയിൽ അവതരിപ്പിക്കുന്നതിനായി ഒരു സബ്മിഷൻ കൊണ്ടുവന്നില്ലേ? കടൽത്തീരത്ത് കടൽക്ഷോഭമുണ്ടാകുമ്പോഴും വാഹനത്തിൽ വെള്ളം കൊടുക്കാൻ സംസ്ഥാന സർക്കാർ പെർമിഷൻ കൊടുക്കണമെന്ന് ഈ അസംബ്ലിയിൽ സബ്മിഷൻ വന്നിട്ടുണ്ട്. അതും കൊടുക്കേണ്ടിവരും. എമർജൻസി ഘട്ടങ്ങളിൽ അത്തരം ജോലികൾ ചെയ്യുന്നത് തെറ്റാണോ? വാഹനത്തിൽ വെള്ളം കൊടുക്കുന്നത് സമ്പൂർണ്ണമായാൽ പോലും പ്രകൃതി ദുരന്തങ്ങളോ, വിഷമങ്ങളോ, പൈപ്പ് തകർന്ന് കേടുപാടുണ്ടായാലോ അപ്രകാരം കൊടുക്കേണ്ടിവരുന്നതിലൊന്നും ഒരു ആക്ഷേപവും കാണേണ്ട സ്ഥിതിയുണ്ടെന്ന് തോന്നുന്നില്ല.

ഫണ്ട് ലാപ്സാകുകയെന്നാൽ, ആ സാമ്പത്തിക വർഷം കേന്ദ്ര ഗവൺമെന്റ് തന്ന വിഹിതം നമുക്ക് നഷ്ടപ്പെട്ടുപോയെന്നല്ലേ അർത്ഥമുള്ളൂ. ഇപ്പോൾ കൊടുക്കുന്ന ബില്ലിൽ തത്തുല്യമായ തുക നൽകുകയല്ലേ? നമ്മൾ ലാപ്സായ ബിൽ വീണ്ടും കൊടുത്താൽ ആ തുക നൽകുന്നതിനാൽ വീണ്ടും ആ തുക വകുപ്പ് ആവശ്യപ്പെട്ടിരിക്കുകയാണെന്നാണ് ഞാൻ സൂചിപ്പിച്ചത്. ഇതൊന്നും തർക്ക വിഷയങ്ങളല്ല. ആ തുക കൊടുക്കേണ്ടതും കേന്ദ്ര ഗവൺമെന്റ് വിഹിതം

വാങ്ങേണ്ടതും ഇതിന്റെ പണി പൂർത്തിയാക്കേണ്ടതും സർക്കാരിന്റെ ആവശ്യമാണ്.

ഇവിടെയുള്ള മറ്റൊരു വിഷയം വാട്ടർ ചാർജ്ജിനെക്കുറിച്ചാണ്. വാട്ടർ അതോറിറ്റിക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ പണം കൊടുക്കാനുണ്ട്. ചാർജ്ജ് വർദ്ധനവ് വന്നപ്പോൾ എന്തെല്ലാം പ്രശ്നങ്ങളുണ്ടായി. ഒരു രൂപ കൂട്ടിയ ഘട്ടത്തിൽ രാഷ്ട്രീയമായും അല്ലാതെയുമൊക്കെ പ്രതിരോധിച്ചു. വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളം, പെൻഷൻ, മെയ്ന്റനൻസ് എന്നിവയ്ക്കെല്ലാം വാട്ടർ അതോറിറ്റി പണം കൊടുക്കുന്നതിനാൽ നമ്മൾ വസ്തുതകൾ മനസ്സിലാക്കണം. അതിനാവശ്യമായ ഒരു ധനസമാഹരണം വാട്ടർ അതോറിറ്റിക്കുണ്ടോ? വാട്ടർ അതോറിറ്റിയിൽ വാട്ടർ ചാർജ്ജ് വർദ്ധനവിനുമുമ്പ് പ്രതിമാസ വരുമാനം 55 കോടി രൂപയായിരുന്നത് ഇപ്പോൾ 95 കോടിരൂപയായി ഉയർന്നു. ശമ്പളവും പെൻഷനും കൂടാതെ O&M-ൽ ഏതാണ്ട് 8 മുതൽ 10 കോടി രൂപ പ്രതിമാസം കൊടുക്കുന്നുണ്ട്. ഈ തുക നേരത്തെ കൊടുക്കാൻ കഴിയാത്തതിനാലുള്ള അരിയേഴ്സും കൊടുക്കേണ്ടത് തന്നെയാണ്. അതും കൊടുക്കും. കടുത്തവേനൽ സമയത്ത് O&M ചെയ്യാൻ കഴിയാതെ ചില

ബുദ്ധിമുട്ടുകളൊക്കെ രൂപപ്പെട്ടപ്പോൾ ഞാൻ കോൺട്രാക്ടേഴ്സിനോട് ഈ പണം നൽകാതിരിക്കുകയില്ല എന്നതിനാൽ സംസാരിച്ച് സഹകരിക്കണമെന്ന് അറിയിച്ചിട്ടുണ്ട്. ലഭ്യമായ തുകയനുസരിച്ച് കൊടുക്കുന്ന ആ പണം കുറച്ചുകൂടി ദ്രുതഗതിയിൽ കൊടുത്തുതീർക്കണമെന്നതന്നെയാണ് സർക്കാർ കാണുന്നത്.

ഒരു കിലോ ലിറ്റർ വെള്ളം ഉപഭോക്താവിന് നൽകുമ്പോൾ ചാർജ്ജ് വർദ്ധനവിനുശേഷവും 5 രൂപയുടെ നഷ്ടം നിലവിലുണ്ടെങ്കിലും ഇത് നടത്തിക്കൊണ്ട് സർക്കാർ മുന്നോട്ടുപോകുകയാണ്. ഇതെല്ലാം മറികടക്കാൻ ജലവിതരണ രംഗത്ത് പുതിയ മാർഗ്ഗം കണ്ടെത്തേണ്ടിയിരിക്കുന്നതിനാൽ വരുമാനം വർദ്ധിപ്പിക്കാനുള്ള തീരുമാനമെടുക്കുന്നതിനായി നോൺ വാട്ടർ റവന്യൂ രൂപപ്പെടുത്താനാകുമോ എന്ന കാര്യം ശ്രദ്ധിക്കുകയും പരമ്പരാഗതമായ സിസ്റ്റത്തിൽനിന്നും മാറി റവന്യൂ വർദ്ധിപ്പിക്കാൻ കഴിയത്തക്ക വരുമാന മാർഗ്ഗം രൂപപ്പെടുത്താനാകുമോ എന്നുള്ളനിലയിൽ പ്രകൃതിയിലുള്ള നമ്മുടെ സാഹചര്യങ്ങളെല്ലാം പ്രയോജനപ്പെടുത്താൻ കഴിയത്തക്കവിധത്തിൽ ടൂറിസം ഫാബുകളെക്കൂടി പ്രയോജനപ്പെടുത്താൻ സാധിക്കുമോ എന്ന് കണ്ടെത്തി

അതിനുള്ള ക്രമീകരണത്തിലേയ്ക്ക് പോകണമെന്നുള്ള ഒരു പ്ലാൻ ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ഇവിടെ റോഡുകളെക്കുറിച്ച് സൂചിപ്പിച്ചു. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആൾക്കാർ നേരിടുന്നത് റോഡുകളുടെ പ്രശ്നമാണ്. ഞാൻ ജൽജീവനുമായി ബന്ധപ്പെട്ട് രണ്ടോ മൂന്നോ റിവ്യൂ നടത്തിയപ്പോൾ എം.എൽ.എ.-മാരെല്ലാം അതിൽ പങ്കെടുത്തു. എല്ലാവർക്കും ഇതിനാവശ്യമായ കത്തുകളയച്ചതിനെത്തുടർന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അതിന് മറുപടി അയച്ചതും എല്ലാ നിയോജകമണ്ഡലങ്ങളിലും എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ നടത്തിയ റിവ്യൂ മീറ്റിംഗിൽ ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബുൾപ്പെടെ പങ്കെടുത്തതും ഞാൻ ഓർക്കുന്നു. എം.എൽ.എ.-മാർ പറയുന്ന ഒരു ആക്ഷേപവും പരിഗണിക്കാതിരുന്നിട്ടില്ല. അവരവരുടെ മണ്ഡലങ്ങളിൽ ഉത്തരവാദിത്വപൂർവ്വം കാര്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ നടപടിക്ക് നോഡൽ ഓഫീസറായി ഒരാളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ചില കാര്യങ്ങളിൽ ബുദ്ധിമുട്ടുകൾ വരുമ്പോൾ എല്ലാവരുമായി കൂടിയാലോചിച്ച് പോകുക മാത്രമേ മാർഗ്ഗമുള്ളൂ.

റോഡിന്റെ കാര്യമെടുത്താൽ എന്താണ് സ്ഥിതി? അവ പഴയതുപോലെയാണോ? ഒരു പഞ്ചായത്തിൽ കുറച്ച് റോഡ് പൊളിക്കുകയോ അല്ലെങ്കിൽ ഒരു പി.ഡബ്ല്യൂ.ഡി. റോഡ് കട്ട് ചെയ്യുകയോ ആണോ ചെയ്യുന്നത്? ലക്ഷക്കണക്കിന് കുടുംബങ്ങളിലേയ്ക്ക് വെള്ളം എത്തിക്കുന്നതിനുവേണ്ടി കേരളത്തിലെ മുഴുവൻ റോഡുകളും കട്ട് ചെയ്യുകയാണ്. ആദ്യമായി 44,000 കോടിരൂപയുടെ പ്രവൃത്തി നടക്കുന്നത് നമുക്ക് തന്നെ കേട്ടുകേൾവിയില്ലാത്ത സംഭവമല്ലേ? ആ നില വന്നപ്പോൾ കേരളത്തിൽ നമുക്ക് 1,04,400 കി.മീ. ദൂരത്തിൽ പ്രദേശികമായ റോഡുകൾ പൊളിക്കേണ്ടിവന്നു. ഇത്രയും വലിയ രീതിയിൽ വർക്ക് നടക്കുമ്പോൾ അതൊരു ആക്ഷേപമായി കണ്ടാൽ എന്തുചെയ്യാൻ കഴിയും? എന്നാൽ നാം കാണേണ്ടത്, ആ റോഡിൽ ഈ സമയം കൊണ്ട് 51,000 കി.മീ. റോഡ് പൂർത്തിയാകുകയും 50 ശതമാനത്തോളം റോഡിന്റെ റെസ്റ്റൊറേഷൻ വർക്ക് കഴിഞ്ഞുവെന്നുമാണ്. എന്തായാലും ഇനി പകുതി റെസ്റ്റൊറേഷൻ വർക്ക് ചെയ്യാനുണ്ട്. നാഷണൽ ഹൈവേയും പി.ഡബ്ല്യൂ.ഡി.-യും എടുത്താലും ഇതുപോലെ തന്നെയാണ് സ്ഥിതി. ഏകദേശം 3,200 കി.മീ. ദൂരത്തിലാണ് പി.ഡബ്ല്യൂ.ഡി. നാഷണൽ

ഹൈവേയിൽ പൈപ്പ് ലൈൻ ഇടേണ്ടത്. അതിൽ ഇതിനോടകം 1,450 കി.മീ. പൂർത്തീകരിച്ചുവെങ്കിലും ഇനിയും ബാക്കി നിൽക്കുകയാണ്. വകുപ്പിന് റോഡ് പണി നടത്തേണ്ടതും ഈ പ്രവൃത്തികളെല്ലാമായി മുന്നോട്ടുപോകേണ്ടതുമുള്ളതിനാൽ എല്ലാവരും ഇതിനോട് സഹകരിക്കുകയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

ഇവിടെ ഒന്ന്, രണ്ട്, മൂന്ന് ഫേസുകൾ വന്നപ്പോൾ തുകയില്ലായിരുന്നു. ഈ സ്കീം സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും കൂടിച്ചേർന്ന് നടപ്പിലാക്കുന്ന ഒരു പദ്ധതിയായിരുന്നെങ്കിലും കേന്ദ്രം പണം അനുവദിച്ചില്ല. തുടർന്ന് പഞ്ചായത്തുകാർ ചെയ്യണമെന്നായിരുന്നു. അപ്പോൾ ലഭ്യമായൊരു സാധ്യത മനസ്സിലാക്കി പതിനഞ്ചാം ഫിനാൻസ് കമ്മീഷന്റെ അൺ ടൈഡ് ഫണ്ടുകൂടി ഉപയോഗിക്കാൻ ഒരു പെർമിഷൻ വാങ്ങിക്കൊടുത്തപ്പോൾ കുറേ സഹായമാകുമെന്ന് കരുതിയെങ്കിലും പഞ്ചായത്തുകൾക്ക് വീണ്ടും ബുദ്ധിമുട്ടുണ്ടായി. അവർ നിരന്തരമായി ആ വിഷയം ഉന്നയിച്ചതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടപ്പോൾ ലഭിച്ച 1,420 കോടിരൂപ ആ രീതിൽ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ചില സ്ഥലങ്ങളിൽ ഓൺ ഗോയിഗ് കോൺട്രാക്ട് വ്യവസ്ഥ ചെയ്യാൻ തയ്യാറാകുന്നില്ല. രണ്ടാമതൊരു ഘട്ടത്തിൽ, ചില പഞ്ചായത്തുകൾ മെയ്ന്റനൻസ് ചെയ്തുകഴിഞ്ഞു. ഇപ്രകാരം പഞ്ചായത്ത് പ്ലാൻ ഫണ്ടുപയോഗിച്ച് വർക്കുകൾ ചെയ്താൽ ആ ഫണ്ട് റീ-ഫണ്ട് ചെയ്യുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കാമെന്നുള്ളതും വകുപ്പ് ഇതിനോടകം സ്വീകരിച്ചു. ആ ഫണ്ട് വകുപ്പിന്റെ കയ്യിലുണ്ട്. അത് ഒന്ന്, രണ്ട്, മൂന്ന് എന്നിവയിലേതാണ്. എന്നാൽ നാല്, അഞ്ച്, ആറ് ഫേസുകളിൽ ആ പ്രശ്നമേയില്ല. ടെണ്ടർ ചെയ്തതിനോടൊപ്പം ഈ തുകയും കൂടിവച്ച് ആ വർക്കുകൾ നടത്തി മുന്നോട്ടുപോകുന്നതിനാൽ നിലവിൽ ബുദ്ധിമുട്ട് നേരിടുന്നില്ല.

റോഡുകളെ സംബന്ധിച്ചിടത്തോളം ഇത്തരം വിഷയങ്ങൾ പരിചരിച്ചുപോകൽ മാത്രമാണ് വകുപ്പിന്റെ മുമ്പിലുള്ളത്. കോൺട്രാക്ടേഴ്സ് നടത്തുന്ന വിഷയങ്ങൾ, സമരമുഖത്തേയ്ക്ക് വരേണ്ട ഘട്ടമായോ? ആവറേജാണ് ഞാൻ പറയുന്നത്.... 44,715 കോടി രൂപയുടെ ടെണ്ടർ നടക്കുമ്പോൾ, കുടിശ്ശികയായി കൊടുക്കാനുള്ള 3,392 കോടിരൂപ ടെണ്ടർ ചെയ്ത തുകയുടെ 9.47 ശതമാനമാണ്. പി.ഡബ്ല്യു.ഡി. മാന്വൽ അനുസരിച്ചും

നിർദ്ദേശമനുസരിച്ചും 10 ശതമാനം തരുമ്പോഴാണ് ബില്ലുകളെ സംബന്ധിച്ച ചർച്ച നടത്തേണ്ടത്. ആ നില വന്നാൽ എവിടെയെത്തും? 1,500 കോടി രൂപയുടെ ടെണ്ടർ എടുത്ത ഒരു വ്യക്തി മൂന്നരക്കോടി രൂപയുടെ പാർട്ട് ബിൽ കൊടുത്തശേഷം ബില്ല് ലഭിക്കുന്നില്ലെന്ന നിലയിൽ വർക്ക് സ്ലോ ഡൗൺ ചെയ്താൽ നമുക്ക് അതെങ്ങനെ അംഗീകരിക്കാനാവും. അവരെയും കൂടി വിശ്വാസത്തിലെടുത്ത് ഈ പണി ചെയ്യുന്നതിനുവേണ്ടി സഹകരിക്കാൻ എല്ലാവരും തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഇത് സുസ്ഥിരമായൊരു പദ്ധതിയാണ്. വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെ ഒരു കണക്കെടുത്തപ്പോൾ പൂർണ്ണമായും ജലവിതരണം നടത്തപ്പെട്ട സ്ഥലത്തുപോലും 30% ജലത്തിന്റെ സാധ്യത ഇല്ലാതായതിനാൽ അത് വീണ്ടും ക്രമീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി പോകുന്നുവെന്നാണ് കണ്ടത്. കേരളത്തിൽ സസ്റ്റെയിനബിളായ ഉറവിടത്തിൽനിന്നും വെള്ളമെടുക്കുന്നതിനാൽ അങ്ങനെയുള്ള സോഴ്സിൽ എവിടെയെങ്കിലും കുറവുവന്നാൽ അതിനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകുന്നതിനുള്ള സ്റ്റെപ്പ് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ജൽജീവൻ

കേരളത്തെ സംബന്ധിച്ച് പ്രധാനപ്പെട്ട ഒരു പദ്ധതിയായതിനാൽ പരസ്പരം ആലോചിച്ച് മുന്നോട്ടുപോകണം.

ശ്രീ. അൻവർ സാദത്ത് എം.എൽ.എ.-യുടെ ആലുവ-പെരുമ്പാവൂർ റോഡുമായി ബന്ധപ്പെട്ട സബ്മിഷന്റെ കാര്യവും പ്രത്യേകം പരിശോധിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഇതുപോലുള്ള ഏതെങ്കിലും വിഷയങ്ങൾ എവിടെയെങ്കിലുമുണ്ടായാൽ അതെല്ലാം ഒരു പൊതുപ്രശ്നമായിക്കണ്ട് പരസ്പരം സഹകരിക്കണം. ജലവിതരണവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ യാതൊരു തരത്തിലുമുള്ള ഇടപെടലുകളും നടത്തേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. ഇത് സംസ്ഥാനത്തിന്റെ പൊതുവിഷയമായിക്കണ്ട് മുന്നോട്ടുപോകാൻ സഹകരണമാണ് ആവശ്യമെന്നുള്ള കാര്യം ഒരിക്കൽക്കൂടി സൂചിപ്പിക്കട്ടെ. ഇതിന്റെ പണികൾ ആരംഭിക്കുമ്പോൾ സ്ഥലമെടുക്കുന്നത് ഒരു പ്രധാന വിഷയമാണെന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്കറിയാം. കേരളത്തിലെ സ്വകാര്യ വ്യക്തികളുടേയും ഡിപ്പാർട്ട്മെന്റിന്റെയും കയ്യിൽനിന്നും ആയിരക്കണക്കിന് തുണ്ടുഭൂമി വിവിധതലങ്ങളിൽ എടുക്കേണ്ടിവന്നു. ആ ഭൂമിയുടെ അക്വിസിഷൻ നടപടിയിലേയ്ക്ക് പോയാൽ, സമയബന്ധിതമായി

ലാന്റ് അക്വിസിഷൻ പൂർത്തീകരിച്ച് ഈ പണികൾ പൂർത്തിയാക്കാൻ കഴിയുമോ? ചില സ്ഥലങ്ങളിൽ ഇക്കാര്യങ്ങളിൽ വളരെയധികം സഹകരിച്ച എം.എൽ.എ.-മാർ അവരുടെ നിയോജകമണ്ഡലങ്ങളെ നന്നായി മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്. ചില പ്രശ്നങ്ങളും ആക്ഷേപങ്ങളുമുണ്ടെങ്കിലും അത് പരിഹരിക്കാനാവശ്യമായ നടപടി ഇക്കാര്യത്തിൽ ആവശ്യമാണ്. സമ്പൂർണ്ണമായും ശുദ്ധജലം എത്തിച്ചുകൊടുക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിക്കും.

ശ്രീ. അൻവർ സാദത്ത്: സർ, ആലുവ-പെരുമ്പാവൂർ റോഡിന്റെ കാര്യം ഞാൻ പറഞ്ഞപ്പോൾ അങ്ങ് പലതവണ ഇടപെടുകയും ഉദ്യോഗസ്ഥരെ വിളിക്കുകയെല്ലാം ചെയ്തു. എന്നാൽ ഇതുവരെയും ആ റോഡ് പി.ഡബ്ല്യൂ.ഡി.-ക്ക് കൈമാറാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ ദിവസം പി.ഡബ്ല്യൂ.ഡി.യുടെ ബോർഡ്‌വയ്ക്കേണ്ട സാഹചര്യമുണ്ടായി. ആ റോഡ് സഞ്ചാര യോഗ്യമല്ല. കുണ്ടും കുഴിയും കാരണം വലിയ കുളമായി കിടക്കുകയാണ്. അങ്ങ് ഇടപെട്ടിട്ടും അതിന് റിസൾട്ടുണ്ടായിട്ടില്ല ഗവൺമെന്റിനെയും ഞങ്ങളെയും ജനങ്ങൾ

പഴിചാരുകയാണ്. അത് എത്രയും വേഗം ഇടപെട്ട് പരിഹരിക്കാനുള്ള സാഹചര്യമുണ്ടാകണം.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇക്കാര്യം നമുക്ക് പ്രത്യേകമായി പരിശോധിക്കാം. അങ്ങനെയൊരു പ്രശ്നം അവിടെ നിലനിൽക്കുന്നുണ്ടെങ്കിൽ ഗവൺമെന്റ് അത് കാണാതിരിക്കുമോ; പൊതുമരാമത്ത് വകുപ്പുമന്ത്രി ഇക്കാര്യത്തിൽ വളരെ നല്ല സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. നേരത്തെ ഇവിടെ എന്തായിരുന്നു സ്ഥിതി; എത്രയോ തവണ ഞങ്ങൾ മീറ്റിംഗുകൾ വിളിച്ചിട്ടുണ്ടായിരുന്നു. ഒരു മീറ്റിംഗിലൊന്നും ഇക്കാര്യം തീരുന്നതല്ല. ഇതിൽ പല പ്രശ്നങ്ങളുമുണ്ട്. ഒരു റോഡ് മാത്രമല്ല, കെ.എസ്.ഇ.ബി.-യുമായും തർക്കമുണ്ട്. ഇടയ്ക്കിടയ്ക്ക് അവർ പോസ്റ്റുകൾ ഇടുകയും, മാറ്റുകയും ചെയ്യേണ്ടതായി വരുന്നു. അങ്ങനെ മുഖ്യമന്ത്രി താൽപ്പര്യമെടുത്ത് മന്ത്രിതലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും അത്തരം ഡിസ്കഷനുകൾ നടന്നുവരുന്നുണ്ട്. ഡിപ്പാർട്ടുമെന്റ് തലത്തിലും നടന്നുവരുന്നുണ്ട്. സ്ഥലമെടുപ്പിനെക്കുറിച്ച് ഞാൻ സൂചിപ്പിച്ചത് അതല്ല. ഒരോ നിയോജകമണ്ഡലങ്ങളിലും എം.എൽ.എ.-മാരും പഞ്ചായത്തുകാരും താൽപ്പര്യമെടുത്ത് ഈ സ്ഥല ലഭ്യത

ത്രപപ്പെടുത്തിയില്ലായിരുന്നുവെങ്കിൽ ഈ ജോലി ആരംഭിക്കാൻ സാധിക്കുമോ; അങ്ങനെ ഇക്കാര്യത്തിൽ എല്ലാവരും സഹകരിച്ചിട്ടുണ്ട്. ആ സഹകരണ മനോഭാവം മുന്നോട്ടുകൊണ്ടുപോകണമെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. 92 പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും ശുദ്ധജല കണക്ഷൻ നൽകിക്കഴിഞ്ഞു എന്നുള്ളതാണ് ഇതിൽ കാണേണ്ട പ്രധാനപ്പെട്ടൊരു കാര്യം. ഡിസംബർ ആകുമ്പോഴേക്കും 100 പഞ്ചായത്തുകളെക്കൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിക്കുന്നതാണ്. അതുകൊണ്ട് സമ്പൂർണ്ണമായി ഈ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അത് പരിഹരിക്കാനാവശ്യമായ ചർച്ചകൾ നടത്താം. കോൺട്രാക്ടർമാർക്ക് കാശ് നൽകാനുണ്ടെന്ന് പറഞ്ഞ കാര്യം നിഷേധിക്കുന്നില്ല. അതിനാവശ്യമായ ധന സമാഹരണം കണ്ടെത്തേണ്ടതുണ്ട്, അത് നടത്തുന്നുണ്ട്. കേന്ദ്ര വിഹിതത്തിനനുസരിച്ചുള്ള സംസ്ഥാന വിഹിതം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര വിഹിതം ലഭിച്ച സമയത്തൊന്നും ധനകാര്യ വകുപ്പുമന്ത്രി സംസ്ഥാന വിഹിതം തരാതിരുന്നിട്ടില്ല. ഇത് എവിടെയാണ് ചൂണ്ടികാണിക്കാൻ സാധിക്കുന്നത്; ഈ സാമ്പത്തിക ഞെരുക്കത്തിലും കേന്ദ്രം

ഉപരോധം തീർക്കുമ്പോഴും പ്രയോറിറ്റി നൽകികൊണ്ട് ഈ പ്രവർത്തനത്തെ മുന്നോട്ടുകൊണ്ടുപോകാൻ പിണറായി സർക്കാർ കാണിച്ച താൽപ്പര്യം കേരളസമൂഹം നന്നായി കാണുമെന്നുതന്നെയാണ് എന്റെ വിചാരം. ഈ പ്രതിസന്ധികളെ നമുക്ക് അതിജീവിക്കാവുന്നതെയുള്ളൂ. അതിന് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഇക്കാര്യങ്ങളിൽ ഒരുമിച്ച് മുന്നോട്ടുപോകാൻ സാധിക്കണം. കൂട്ടായ പരിശ്രമമാണ് ഇക്കാര്യങ്ങളിൽ ആവശ്യം. അതുകൊണ്ട് എല്ലാവരുടെയും സഹകരണം ഈ സന്ദർഭത്തിൽ ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു. അതുകൊണ്ട് ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സഭ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കിയ 'ഭാരത് നിർമ്മാൺ' എന്ന ബൃഹത്തായ പദ്ധതിയുടെ ഭാഗമായി അന്ന് നടപ്പാക്കിയ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി (എൻ.ആർ.ഡി.ഡബ്ല്യൂ.പി.)-യുടെ തുടർച്ചയാണ് യഥാർത്ഥത്തിൽ ജൽജീവൻ മിഷൻ പദ്ധതി. ഇത് മനോഹരമായൊരു പദ്ധതിയാണ്. ഞങ്ങൾ ഇവിടെ കൊണ്ടുവന്ന ഈ വലിയ പദ്ധതിയെ നിങ്ങളുടെ കെടുകാര്യസ്ഥത, മിസ്മാനേജ്മെന്റ്, ഏകോപനമില്ലായ്മ, രൂക്ഷമായ ധന പ്രതിസന്ധി എന്നിവ കൊണ്ട് എങ്ങനെയാണ് ഇല്ലാതാക്കിയതെന്ന് പൊതു സമക്ഷത്തിൽ എത്തിക്കുന്നതിനുവേണ്ടിയാണ് ശ്രീ. അനൂപ് ജേക്കബ് ഈ വിഷയം ഇവിടെ അവതരിപ്പിച്ചത്. യഥാർത്ഥത്തിൽ ഇവിടെ എന്താണ് സ്ഥിതി; ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ 44,715 കോടി രൂപയുടെ പദ്ധതിയാണിത്. 2024 മാർച്ചിൽ ഈ പ്രോജക്റ്റിന്റെ കാലാവധി പൂർത്തിയായി. ഈ പദ്ധതി അഞ്ച് കൊല്ലം കഴിഞ്ഞ് കാലാവധി പൂർത്തിയായപ്പോൾ രണ്ട് ഗവൺമെന്റുകൂടി പദ്ധതിയുടെ നാലിലൊന്ന് തുകപോലും ചെലവഴിച്ചിട്ടില്ല. ആകെ 9410 കോടി രൂപയാണ് ചെലവഴിച്ചത്, അതാണ് പ്രശ്നം. അഞ്ച് കൊല്ലം കൊണ്ട് 44,715

കോടി രൂപയുടെ പദ്ധതി പ്രവർത്തനം പൂർത്തിയാക്കി 54 ലക്ഷം പേർക്ക് കണക്ഷൻ നൽകേണ്ട പദ്ധതിയിൽ കാലാവധി പൂർത്തിയായപ്പോൾ നാലിലൊന്ന് തുകപോലും രണ്ട് സർക്കാരുംകൂടി ചെലവാക്കിയിട്ടില്ല. 9410 കോടി രൂപയുടെ സംസ്ഥാന വിഹിതമായ 4748 കോടി രൂപയാണ് ഇതുവരെയും ചെലവാക്കിയിട്ടുള്ളത്. ഇനി ഞാൻ ഒരു ഉദാഹരണം പറയാം, 2024-25 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ 1949 കോടി രൂപയാണ് അവരുടെ ഷെയറായി വച്ചിരിക്കുന്നത്. തത്തുല്യമായ തുകയ്ക്ക് ചെറിയ വ്യത്യാസം മാത്രമെ വരികയുള്ളൂ; കേരള ഗവൺമെന്റ് ഈ തുക വയ്ക്കണം. കേരള ഗവൺമെന്റിന്റെ ബഡ്ജറ്റിൽ 550 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഏകദേശം രണ്ടായിരത്തോളം കോടിരൂപ കേന്ദ്രം വകയിരുത്തുമ്പോൾ, അത്രയും പണം സംസ്ഥാന ഗവൺമെന്റ് കൊടുക്കേണ്ടതിനുപകരം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് 550 കോടി രൂപയാണ്. ആ ബഡ്ജറ്റിലെ പകുതി പൈസ പോലും........

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ബഡ്ജറ്റിലെ തുക ഇതുമായി താതാത്മ്യം ചെയ്യേണ്ടതുണ്ടോ; കാരണം 2023-24 സാമ്പത്തിക വർഷം 500 കോടി രൂപ

വകയിരുത്തിയപ്പോൾ 1207 കോടി രൂപ കൊടുത്തുവെന്നാണല്ലോ ഞാൻ സൂചിപ്പിച്ചത്. മാത്രമല്ല കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള മിഷൻ മോഡൽ പ്രോജക്ട് അല്ലേ; എത്രയാണോ ഷെയർ അത്രയും ഷെയർ നൽകാൻ തയ്യാറാണ്. അല്ലാതെ ബഡ്ജറ്റിൽ വയ്ക്കുന്ന 500 കോടി രൂപ മാത്രം പോരാ. ആ 500 കോടിരൂപ മാത്രം ഉപയോഗിച്ച് പദ്ധതി നടപ്പാക്കാൻ സാധിക്കുന്നതല്ല. എത്ര ഷെയറാണോ നമുക്കാവശ്യമുള്ളത്....... ഇനി ഈ ഒരു വർഷമല്ലേ മുന്നിലുള്ളൂവെന്നുള്ളതാണ് പ്രതിപക്ഷനേതാവ് പറഞ്ഞ മറ്റൊരുകാര്യം. അതിൽ ആശങ്കയുടെ ആവശ്യമില്ല. കേന്ദ്ര ഗവൺമെന്റുമായി നമ്മൾ എഗ്രിമെന്റ് വയ്ക്കുന്ന സന്ദർഭത്തിലും എഗ്രിമെന്റ് വയ്ക്കാൻ പെർമിഷൻ ലഭിക്കുന്ന സന്ദർഭത്തിലും ഈ കണ്ടീഷന്റെയും ധാരണകളുടെയും ഓൺ ഗോയിംഗ് പ്രോജക്ടാണെന്നുള്ള ധാരണ ആ മിഷനുണ്ട്. അതുകൊണ്ട് അതനുസരിച്ചാണ് പോകുന്നത്. അതുകൊണ്ട് ഈ വർഷം കൂടുതൽ എക്സ്പെന്റിച്ചർ വരുന്നതാണ്. സാമ്പത്തികമായി കൂടുതൽ പണം സ്റ്റേറ്റ് കണ്ടെത്തേണ്ടിവരുന്ന വർഷം ഇതുതന്നെയാണ്. ഇക്കാര്യത്തിൽ നല്ല

ബോധ്യമുണ്ട്. അങ്ങനെയൊരു വിഷയം ഉണ്ടാകാതിരിക്കാൻ പരമാവധി ശ്രമിക്കുന്നതാണ്. 500 കോടി രൂപയെയുള്ളൂവെന്നത് ഒരു പ്രശ്നമുള്ള കാര്യമല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, അത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. ഈ സാമ്പത്തിക വർഷം തുടങ്ങുന്നതിനുമുമ്പ് കേന്ദ്ര വിഹിതം എത്ര രൂപയാണെന്ന് സംസ്ഥാന ഗവൺമെന്റിന് അറിയാവുന്നതാണ്. കേന്ദ്ര വിഹിതം 2000 കോടി രൂപയോളം വരുമ്പോൾ സ്റ്റേറ്റ് ഷെയറായി സംസ്ഥാനം ബഡ്ജറ്റ് അലോക്കേഷനിൽ 550 കോടി രൂപ വയ്ക്കുന്നത് എന്ത് ബഡ്ജറ്റ് മാനേജ്മെന്റും എന്ത് ഫിസ്കൽ മാനേജ്മെന്റുമാണ്; വലിയ ധന പ്രതിസന്ധിയുള്ളൊരു സംസ്ഥാനത്താണ് ഇത്തരത്തിലുള്ള വിഷയങ്ങളുണ്ടാകുന്നത്. ഇതിന്റെ പ്രശ്നമെന്ന് പറയുന്നത്, നേരത്തെ ശ്രീ. അനൂപ് ജേക്കബ് സൂചിപ്പിച്ചതുപോലെ ഇവിടെ ഒരു പ്രോപ്പർ സർവ്വേയും പ്രോപ്പർ എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ് ഇത്രയും വലിയ പദ്ധതി സംസ്ഥാന സർക്കാരും വാട്ടർ അതോറിറ്റിയും സമർപ്പിച്ചിട്ടുള്ളത്. പ്രായോഗികമായൊരു പദ്ധതിയായി ഇതിനെ ട്രാൻസിലേറ്റ് ചെയ്യാനാവശ്യമായ ഒരു മുന്നൊരുക്കവും നടത്താതെ വെറുതെ ഗൂഗിൾ മാപ്പിംഗ് നടത്തിയാണ് ഈ പ്രോജക്ട്

കൊടുത്തിരിക്കുന്നത്. ഇത്രയും വലിയ മെഗാ പ്രോജക്ട് കേരളത്തിലെ കുടിവെള്ള വിതരണ രംഗത്ത് അത്ഭുതകരമായ മാറ്റമുണ്ടാക്കുന്ന പദ്ധതിയാണ്. ഒരു പ്രിപ്പറേഷനുമില്ലാതെ പ്രോപ്പർ എസ്റ്റിമേറ്റുമില്ലാതെ ഒരു തട്ടിക്കൂട്ട് പദ്ധതിയായിട്ടാണ് ഇത് കൊടുത്തത്; ഭൂമി ഏറ്റെടുക്കൽ പ്രധാനപ്പെട്ട ഒരു തടസ്സമാണ്. വെറുതെ പൈപ്പ് കണക്ഷൻ കൊടുക്കുന്നതല്ല ഈ പദ്ധതി. കുറെ പൈപ്പിട്ട് വീടുകളിലേയ്ക്ക് കണക്ഷൻ നൽകിയാൽ ഇതിനുള്ള വെള്ളം എവിടെ നിന്നാണ് ലഭിക്കുന്നത്. അതിന് ശുദ്ധീകരണ ശാലകളും, പമ്പിംഗ് മെയിനുകളും ടാങ്കുകളും വേണം. ഇതൊന്നുമില്ലാതെ പത്ത്-ഇരുപത് ലക്ഷം പേർക്ക് കണക്ഷൻ നൽകിയെന്ന് പറയുകയാണ്. അങ്ങനെ കണക്ഷൻ നൽകിയാൽ പൈപ്പിൽനിന്നും വെള്ളമല്ല, ശുദ്ധ വായുവാണ് വരുന്നത്. ശുദ്ധീകരണ ശാലകൾ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട 33 പദ്ധതികളാണ് ഇല്ലാതായത്. നടക്കുന്ന പദ്ധതികൾ ഭാഗികമായി തടസ്സപ്പെട്ടിരിക്കുകയാണ്. സോഴ്സില്ലാതെ, 54 ലക്ഷം പേർക്ക് കണക്ഷൻ അഞ്ച് കൊല്ലം കഴിഞ്ഞ് കൊടുക്കാമെന്ന് കരുതിയാലും എവിടെ നിന്നാണ് വെള്ളം ലഭിക്കുന്നത്, അതാണ് കണക്ഷൻ കൊടുക്കുന്തോറും നിലവിലുള്ള കണക്ഷനുകളിൽ പോലും

വെള്ളം ലഭിക്കാത്ത ഗുരുതരമായ പ്രതിസന്ധിയിലേയ്ക്ക് സംസ്ഥാനം പോകുമെന്ന് ശ്രീ. അനൂപ് ജേക്കബ് പറഞ്ഞത്. 9000 കോടി രൂപ ചെലവാക്കിയപ്പോൾ കരാർ കുടിശ്ശിക 3281 കോടി രൂപയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് നോട്ടെഴുതി നൽകിയ ഉദ്യോഗസ്ഥർക്ക് ഞാനൊരു നല്ല നമസ്കാരം കൊടുക്കുകയാണ്. കാരണം അങ്ങുവായിച്ച മറുപടിയിൽ ഒരു വരിയുണ്ട്, ഈ 3281 കോടി രൂപയെന്ന് പറയുന്നത് മൊത്തം പ്രോജക്ടിന്റെ 9 ശതമാനം മാത്രമാണെന്ന്. അതായത് 44,000 കോടി രൂപയുടെ 9 ശതമാനം മാത്രമാണ് കരാറുകാർക്ക് നൽകാനുള്ളതെന്നാണ് പറയുന്നത്. നാലിലൊന്നുപോലും ചെലവാക്കാതെ 9000 കോടി രൂപ ചെലവാക്കിയപ്പോഴാണ് ഏകദേശം 35 ശതമാനം കരാർ കുടിശ്ശികയായത്. ഇനി ജൽജീവൻ മിഷൻ പദ്ധതി എടുക്കാൻ പറ്റാത്ത സ്ഥിതിയിലേയ്ക്ക് പാളം തെറ്റി നിൽക്കുകയാണ്. ഇത്രയും വലിയ തുക കൊടുക്കാൻ സാധിച്ചിട്ടില്ല. വളരെ കുറവാണ് നിങ്ങളുടെ പ്രോഗ്രസ്. നിങ്ങൾ കണക്ഷൻ കൊടുത്തിരിക്കുന്ന പോഗ്രസ് വളരെ കുറവാണ്. ശുദ്ധീകരണ ശാലകളുണ്ടാക്കിയതും പമ്പിംഗ് മെയിനും കുറവാണ്. ടാങ്കില്ല, സോഴ്സുണ്ടാക്കാനുള്ള പദ്ധതികളൊന്നുമില്ല. ഈ പ്രോജക്ടിന്റെ 75-85 ശതമാനം

മേജർ പോർഷനും നിങ്ങൾ ടച്ച് ചെയ്തിട്ടില്ല. അതിനുമുമ്പാണ് 3281 കോടി രൂപയുടെ കുടിശ്ശിക വന്നിരിക്കുന്നത്. ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് 550 കോടി രൂപയാണെങ്കിലും സപ്ലിമെന്ററിയായി കൂടുതൽ അനുവദിക്കാം. ശരിക്കും രണ്ട് ഗവൺമെന്റുംകൂടി 30000 കോടി രൂപയാണ് കൊടുക്കാനുള്ളത്. ഈ പ്രോജക്ട് പൂർത്തീകരിക്കണമെങ്കിൽ സ്റ്റേറ്റ് ഗവൺമെന്റ് 15000 കോടി രൂപ കൊടുക്കണം. രണ്ടുവർഷം കൊണ്ടാണ് തീർക്കാനുദ്ദേശിക്കുന്നതെങ്കിൽ ഈ വർഷം 7500 കോടി രൂപ വരും. 7500 കോടി രൂപ വയ്ക്കേണ്ട സ്ഥലത്ത് 550 കോടി രൂപ വച്ചിട്ടാണ് പറയുന്നത്. എന്ത് യുക്തിയാണ് ഇതിലുള്ളത്; എന്ത് സാമ്പത്തിക മാനേജ്മെന്റാണ് ഇതിലുള്ളത്; കേന്ദ്ര സർക്കാരിന്റെ ഷെയർ കിട്ടണമെങ്കിൽ ആദ്യ ഗ്രാന്റ് ലഭിച്ചതിനുശേഷം നമ്മൾ മാച്ചിംഗ് ഗ്രാന്റ് നൽകണം. കേന്ദ്ര സർക്കാർ നൽകുന്ന തുകയുടെയും നമ്മുടെ മാച്ചിംഗ് ഗ്രാന്റിന്റെയും എക്സ്പെൻഡിച്ചർ അതിന്റെ യൂട്ടിലിറ്റി സർട്ടിഫിക്കറ്റും ഓഡിറ്റ് റിപ്പോർട്ടും കൊടുത്താൽ മാത്രമാണ് അടുത്ത ഗ്രാന്റ് നൽകുന്നതെന്ന് പലകാര്യത്തിലും നമുക്കറിയാം. എന്നിട്ടാണ് നമുക്ക് മാച്ചിംഗ് ഗ്രാന്റ് വയ്ക്കുന്നത്. പ്രോപ്പറായി യൂട്ടിലിറ്റി സർട്ടിഫിക്കറ്റും ഓഡിറ്റ് റിപ്പോർട്ടും നമുക്ക് കൊടുക്കാൻ

സാധിക്കുന്നുണ്ടോ; പ്രോഗ്രസില്ലാതെ എങ്ങനെയാണ് കൊടുക്കുന്നത്; ഒരുതരത്തിലും ഇത് ചെയ്യാത്ത രീതിയിലാണ്.

റോഡുകളെക്കുറിച്ച് പറയാം. ഇനി 550000 കിലോമീറ്റർ റോഡ് നന്നാക്കാൻ കിടക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ സമ്മതിച്ചു. ശ്രീ. അൻവർ സാദത്ത് പറഞ്ഞു, അദ്ദേഹം എട്ട് മാസമായി നിരന്തരം മീറ്റിംഗാണെന്ന്. മീറ്റിംഗ് മാത്രമേയുള്ളൂ. No Outcome. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി വാട്ടർ അതോറിറ്റിക്ക് വേണ്ടിയാണല്ലോ പറയുന്നത്. ലോക്കൽ ബോഡികൾ അവരുടെ പ്ലാൻ ഫണ്ടുപയോഗിച്ച് റോഡ് നന്നാക്കണമെന്നും പിന്നീട് അത് റീ-ഇംബേഴ്സ് ചെയ്യാമെന്നും സൂചിപ്പിക്കുന്ന ഗംഭീരമായൊരു നിർദ്ദേശം അദ്ദേഹം മുന്നോട്ടു വച്ചു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇവിടെയില്ല.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, (മൈക്ക് ഓഫ്)

ശ്രീ. വി. ഡി. സതീശൻ: സർ, ആ പോയിന്റ് ഞാൻ പറഞ്ഞുതീർക്കട്ടെ. ഏത് പ്ലാൻ ഫണ്ട്; കഴിഞ്ഞവർഷം ഒന്നാം ഗഡുവാണ് നൽകിയത്. രണ്ടാം ഗഡുവും മൂന്നാം ഗഡുവും നൽകിയിട്ടില്ല. പഞ്ചായത്തിന് അവരുടെ പദ്ധതി

നടപ്പാക്കാനുള്ള പണമില്ല, ശമ്പളം കൊടുക്കാൻ പണമില്ല. അപ്പോഴാണ് പറയുന്നത്, ജൽജീവൻ മിഷനുവേണ്ടി കുത്തിപ്പൊളിച്ചിരിക്കുന്ന റോഡ് പഞ്ചായത്ത് അറ്റകുറ്റപ്പണി ചെയ്തിട്ട് പിന്നീട് റീ-ഇമ്പേഴ്സ് ചെയ്യാമെന്ന്. അത് പ്രോയോഗികമല്ലെന്നാണ് ഞാൻ പറയുന്നത്. റോഡുകൾ മുഴുവൻ നാശമായി കിടക്കുകയാണ്. ഈ പദ്ധതിയുടെ ഒരു കമ്പോണന്റാണ് റെസ്റ്റൊറേഷൻ. ആദ്യ രണ്ട് ഘട്ടങ്ങളിലില്ലായെന്നേയുള്ളൂ. പിന്നീടുള്ള എല്ലാ ഘട്ടത്തിലും ഈ പദ്ധതി നടപ്പാക്കാൻ... ഏത് പദ്ധതിയാണ് അങ്ങനെയല്ലാത്തത്. പൈപ്പ് കുഴിച്ചിടാനുള്ളൊരു പ്രോജക്ട് കൊണ്ടുവന്നാൽ അതിന്റെ എസ്റ്റിമേറ്റ് എവിടെ; ഒരു മേജർ കമ്പോണന്റിന്റെ....

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, തെറ്റിദ്ധരിക്കരുത്. ഞാൻ പറഞ്ഞത് അതല്ല. ഒന്ന്, രണ്ട്, മൂന്ന് എന്നീ ഘട്ടങ്ങളിലാണ് നമുക്ക് റെസ്റ്റോറേഷൻ തുകയില്ലാതിരുന്നത്. ഇല്ലാതിരുന്ന ഘട്ടങ്ങളിലുള്ള റോഡുകൾ മെയിന്റയിൻ ചെയ്യുന്നതിന് 1340 കോടി രൂപ ആ പഞ്ചാത്തുകൾക്ക് കൊടുക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കി അതത് പഞ്ചായത്തുകളെയും, ആ കോൺട്രാക്ടർമാരേയും ചുമതലപ്പെടുത്തിക്കഴിഞ്ഞു. അവരുടെ സ്ഥലങ്ങളിൽ കോൺട്രാക്ടർമാർ

പ്രവൃത്തികൾ ഏറ്റെടുക്കാൻ തയ്യാറാകുന്നില്ലെന്നാണ് ചല പഞ്ചായത്തുകൾ ഉന്നയിക്കുന്നൊരു വിഷയം. ഈ പറയുന്ന 4, 5, 6 അല്ല, ആദ്യഘട്ടത്തിലെ റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് ചെയ്യുകയാണെങ്കിൽ ആ തുക ഞങ്ങൾക്ക് തരുമോ എന്ന് പഞ്ചായത്ത് ചോദിച്ചപ്പോഴാണ്, പഞ്ചായത്തുകൾ ടി പ്രവൃത്തികൾ ചെയ്യൂവെന്നും തുക പഞ്ചായത്തുകൾക്ക് അനുവദിക്കാമെന്നും ഞങ്ങൾ പറഞ്ഞത്. 51000 കിലോമീറ്ററിന്റെ കണക്ക് പറഞ്ഞു. ഇത്രയും വർക്ക് ഒരുമിച്ച് നടക്കുന്നൊരു സ്റ്റേറ്റിൽ 51000 കിലോമീറ്റർ തീരാനുണ്ടെന്ന് പറഞ്ഞത് നിഷേധിക്കുന്നില്ല; തീരാനുണ്ട്. കുടിശ്ശികയെക്കുറിച്ച് തെറ്റിദ്ധാരണജനകമായി പറയരുത്. 44000-ത്തിന്റെ ശതമാനം ഞാൻ പറഞ്ഞ കണക്കല്ല. ഉദാഹരണമായി ആയിരം കോടി രൂപയുടെ ഒരു സിംഗിൾ വർക്ക് ഒരു കോൺട്രാക്ടർ എടുത്തിരിക്കുന്നുവെന്ന് വിചാരിക്കുക. മൂന്നേകാൽ കോടി രൂപയുടെ ബിൽ കുടിശ്ശിക വന്നുവെന്ന നിലയിൽ ആ വർക്ക് നിർത്തിയാൽ നമ്മുടെ സംസ്ഥാനത്ത് എന്തുമാത്രം പ്രതിസന്ധിയാണ് നേരിടുക; അതെല്ലാം എം.എൽ.എ.-മാരും ഒന്ന് നോക്കണം. അല്ലാതെ പണത്തെക്കുറിച്ചല്ല പറഞ്ഞത്.

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്....

ശ്രീ. വി. ഡി. സതീശൻ: സർ, He made it very clear. ആദ്യത്തെ രണ്ടുഘട്ടത്തിലും റോഡ് റെസ്റ്റോറേഷനുവേണ്ടിയുള്ള കമ്പോണന്റ് ഉണ്ടായിരുന്നില്ല. നാട്ടിൽ റോഡ് കുഴിച്ച് പൈപ്പിടാൻ പോകുമ്പോൾ ആ റോഡ് റിസ്റ്റോർ ചെയ്യാൻവേണ്ടി കമ്പോണന്റ് വച്ചില്ലായെന്ന് പറയുമ്പോൾ, അതെന്ത് പ്രോജക്ടാണ്; എന്നിട്ട് പറയുകയാണ് ഒന്നും രണ്ടും ഘട്ടത്തിൽ റോഡ് കുഴിച്ചത് റിസ്റ്റോർ ചെയ്യാൻവേണ്ടി കമ്പോണന്റ് കൊടുക്കാമെന്ന്. എന്നാണ് ഒന്നും രണ്ടും ഘട്ടം. 2020, 2021, 2022. അതായത് മൂന്നുകൊല്ലംമുമ്പ് റോഡ് കുഴിച്ചതിന്റെ പണം ഇനി വേണമെങ്കിൽ തരാമെന്നാണ് പറയുന്നത്. കേരളം മുഴുവൻ കുത്തിപ്പൊളിച്ചിട്ടിരിക്കുകയാണ്. എന്നാൽ ഇത്രയും പൈപ്പും കണക്ഷനും കിട്ടി. ആ കണക്ഷനിൽ വെള്ളവും സോഴ്സും പദ്ധതികളും ശുദ്ധീകരണശാലകളുമില്ല. ഓഗ്മെന്റ് ചെയ്യുന്നില്ല. നിലവിലുള്ള പദ്ധതികളൊന്നും ഓഗ്മെന്റ് ചെയ്യുന്നില്ല. അതാണ് ശ്രീ. അനൂപ് ജേക്കബ് പറഞ്ഞത് നിലവിലുള്ള പദ്ധതിൽനിന്നും കണക്ഷൻ കൊടുത്തിരിക്കുകയാണെന്ന്. നിലവിലുള്ളത് 17 ലക്ഷം കണക്ഷനുകളാണെന്നാണ് മന്ത്രി പറയുന്നത്. എന്നാൽ 19 ലക്ഷം പുതിയ

കണക്ഷനുകളാണ് കൊടുത്തിരിക്കുന്നത്. നിലവിലുള്ള പദ്ധതികൾക്കുപോലും എല്ലായിടത്തും വലിയ ഡിമാന്റാണ്. ഓഗ്മെന്റേഷൻ വേണം. അതിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കണം. ആ ഓഗ്മെന്റേഷൻ സ്കീം പോലും, ഇപ്പോൾ ആലുവ, തൃക്കാക്കര ഭാഗത്ത് കിൻഫ്രയുമായിട്ടൊരു തർക്കമുണ്ട്. 192 എം.എൽ.ഡി.-യുടെ ഒരു പുതിയ പ്രോജക്ട് അനൗൺസ് ചെയ്തിട്ട് വർഷങ്ങളായി. അതുകൊണ്ടാണ് കിൻഫ്രയുടെ പ്രോജക്ടിന് അവർ തടസ്സമായി നിൽക്കുന്നത്. അപ്പോൾ നോർമൽ കോഴ്സിലുള്ള പ്രോജക്ടുകളൊന്നും നടപ്പാക്കാതെ നിൽക്കുമ്പോൾ എക്സിസ്റ്റിംഗ് പ്രോജക്ടുകൾതന്നെ ഓഗ്മെന്റേഷൻ വേണമെന്ന് ആവശ്യപ്പെടുന്ന ഈ ഘട്ടത്തിൽ നിലവിലുള്ള പ്രോജക്ടിൽനിന്നും വെള്ളമെടുത്തുകൊടുക്കുകയും പുതിയ സോഴ്സുണ്ടാവാതിരിക്കുകയും ചെയ്ത് കേരളത്തിലെ ശുദ്ധജല വിതരണ സംവിധാനം മുഴുവൻ പാളിപ്പോകുന്ന അപകടകരമായ സ്ഥിതിയിലേയ്ക്ക് പോകുകയാണ്. സർക്കാരിന് അതിൽ മറുപടിയും പരിഹാരവുമില്ല. ദീർഘ കാലത്തേയ്ക്കോ ഹ്രസ്വകാലത്തേയ്ക്കോ നടപടിയുമില്ല. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ആദ്യഘട്ടത്തിൽ ജനപ്രതിനിധികളെല്ലാവരും വളരെ കാര്യമായിത്തന്നെ സഹകരിച്ച പദ്ധതിയാണിത്. രാജ്യത്തുതന്നെ പ്രത്യേകിച്ച് കേരളത്തിൽ വലിയ പ്രതീക്ഷയുണർത്തിയ ഒരു പദ്ധതിയെ സംബന്ധിച്ചാണ് ഞങ്ങളിവിടെ ഇന്ന് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമായി അവതരിപ്പിച്ചത്. ശ്രീ. അനൂപ് ജേക്കബ് അത് വരച്ച് കാണിക്കുകയുമുണ്ടായി. ഈ പദ്ധതിയുണ്ടാക്കിയ ഒരു പ്രതീക്ഷയെന്നുപറയുന്നത് ഇതിൽ വേണ്ടത്ര കേന്ദ്ര ഫണ്ടുണ്ടെന്നതാണ്. യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് നിലവിൽവന്ന് പിന്നീട് ഇപ്പോൾ ഭരിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ കാലത്ത് ഇന്ത്യയിലെ എല്ലാ വില്ലേജുകളിലും വെള്ളമെത്തിക്കുന്ന പദ്ധതിക്ക് ധാരാളം ഫണ്ടുണ്ടെന്നും അത് നടക്കാൻ പോകുകയാണെന്നുമുള്ളൊരു ഇംപ്രഷനും നമുക്കൊക്കെയുണ്ടായി. ഒഴുകിപ്പോകുന്ന വെള്ളം തടഞ്ഞുനിർത്തി സോഴ്സിൽ ജലലഭ്യത ഉറപ്പുവരുത്തി

അവിടെനിന്ന് വെള്ളമെടുക്കാനുള്ള സംവിധാനമുണ്ടാക്കുമെന്നും അതിനുള്ള ഫണ്ട് കേന്ദ്രഗവൺമെന്റിൽനിന്നും ലഭിക്കുമെന്നും അപ്രകാരം നമ്മുടെ കുടിവെള്ളത്തിന്റെ കാര്യത്തിൽ വലിയൊരു വിപ്ലവംതന്നെ വരാൻ പോകുകയാണെന്നാണ് കരുതിയത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ആ ഉത്സാഹത്തിലാണ് ഈ പദ്ധതിയുടെകൂടെ നമ്മളൊക്കെ സഹകരിച്ചതും. ഇതൊരു നടക്കാൻ പോകുന്ന, ഫണ്ടുള്ളൊരു കാര്യമാണെന്ന് ധരിച്ച് നീങ്ങിയത്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, നമ്മുടെയെല്ലാം മണ്ഡലങ്ങളിൽ ഈ ശുദ്ധീകരണ ശാലയുടെയും പ്ലാന്റിന്റെയും ടാങ്കിന്റെയുമെല്ലാം പ്രവൃത്തികൾ ഇപ്പോൾ നടക്കുന്നുണ്ട്. ഞാൻ ഈ ചർച്ചയിൽ പറഞ്ഞതെന്താ. പൊതുജനം തെറ്റിദ്ധരിക്കരുത്. ഇത് പാളിപ്പോകും നടക്കില്ലായെന്നൊരു മെസ്സേജ് കൊടുക്കുന്നത് ഗുണകരമാണോയെന്ന് ചിന്തിക്കുക. എന്തുകൊണ്ടാണ് ഒന്നും രണ്ടും ഘട്ടം വന്നപ്പോൾ പഞ്ചായത്തുകളുടെ റോഡുകൾ പൊളിച്ചത് അറിയില്ലായിരുന്നോ; അത് ചെയ്യാൻ പദ്ധതി വേണ്ടായിരുന്നോ; എന്നെല്ലാം ചോദിച്ചു. ഈ പദ്ധതി കേന്ദ്ര-സംസ്ഥാന ഗവൺമെന്റിന്റെ സംയോജിത

പദ്ധതിയാണ്. ഇന്ത്യയിലൊരിടത്തും അങ്ങനെ ആ ഘട്ടത്തിലിത് കൊടുത്തിരുന്നില്ല. ഇപ്പോഴും നടക്കുന്നില്ല. നമ്മൾ മാത്രം പുറകേ നടന്ന് നേടിയെടുത്തതാണിത്. 25 ശതമാനം പദ്ധതി പഞ്ചായത്തുകളാണ് ചെലവഴിക്കേണ്ടത്. നമ്മുടെ പഞ്ചായത്തുകളുടെ സ്ഥിതിയനുസരിച്ച് എഗ്രിമെന്റിൽ പഞ്ചായത്ത് അംഗീകരിച്ചാണല്ലോ ഈ വർക്ക് ആരംഭിച്ചത്. ഏതെങ്കിലും പഞ്ചായത്ത് 25 ശതമാനം ചെലവഴിച്ചോ; അപ്രകാരം പഞ്ചായത്തിന് ചെലവഴിക്കാൻ സാധിക്കാതെ വരുന്ന സന്ദർഭത്തിലും അത് ഏറ്റെടുത്ത് ഗവൺമെന്റ് മുന്നോട്ട്കൊണ്ടുപോകുന്ന ഘട്ടമാണല്ലോ കാണുന്നത്. അത് കാണാതെയാണല്ലോ ഇക്കാര്യം പറയുന്നത്. അതുകൊണ്ട് പഞ്ചായത്തുകളെ സംരക്ഷിക്കൽ നമുക്ക് ആവശ്യമാണ്. തെറ്റിദ്ധാരണയുണ്ടാവാതിരിക്കാനും ജനങ്ങളിൽ സംശയമുണ്ടാവാതിരിക്കാനും മാത്രമാണ് പറഞ്ഞത്. പണികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട മന്ത്രി, അതല്ല പറഞ്ഞത്. ഈ പദ്ധതിയെക്കുറിച്ച് തുടക്കത്തിലുണ്ടായിരുന്ന പ്രതീക്ഷയ്ക്ക് ഒരു അടി കിട്ടിയതുപോലെയുള്ള തടസ്സമുണ്ടെന്ന് ഇപ്പോൾ

മനസ്സിലായിരിക്കുകയാണ്. അതിന് എസ്ക്യൂസുകൾ പറഞ്ഞിട്ട് എന്തെങ്കിലും കാര്യമുണ്ടോ? പഞ്ചായത്താണെങ്കിലും ബഡ്ജറ്റിൽനിന്നല്ലേ ഫണ്ട് അനുവദിക്കേണ്ടത്; അല്ലാതെ പഞ്ചായത്തിന് ഫണ്ടുണ്ടാക്കുന്നതിന് പരിമിതികളില്ലേ; പറയുന്ന ഓരോ കാര്യത്തിനും ചെലവഴിക്കാനുള്ള ഫണ്ട് പഞ്ചായത്തിനുണ്ടോ? ഇന്ത്യാ ഗവൺമെന്റ് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിക്ക് മറ്റ് സംസ്ഥാനങ്ങളിലൊക്കെ ഈ സ്കീമിൽ ജലവിതരണം കുറഞ്ഞ ചെലവിൽ ചെയ്യാൻ സാധിക്കുന്നതാണ്. എന്നാൽ കേരളത്തിൽ കേന്ദ്ര സർക്കാരിന്റെ ഇത്രയും ഫണ്ട് ലഭിക്കുന്ന പദ്ധതിക്ക് മാച്ചിംഗ് ഗ്രാൻഡ് കാണേണ്ടതല്ലേ; ഈ ചോദ്യം ധനകാര്യ വകുപ്പുമന്ത്രിയോടാണ് ചോദിക്കേണ്ടത്? ഫണ്ട് ലഭിക്കാതെ ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കില്ല. കേന്ദ്ര സർക്കാരിൽനിന്ന് ധാരാളം ഫണ്ട് ലഭിക്കുന്നത് നമുക്ക് നല്ല ഗുണം ചെയ്യുന്ന കാര്യമാണ്. അതിനനുസരിച്ചുള്ള ഫണ്ട് കേരള സർക്കാർ വയ്ക്കേണ്ടതല്ലേ? എന്റെ നിയോജകമണ്ഡലത്തിൽ നല്ലരീതിയിൽ ഫണ്ട് ചെലവഴിച്ച് ഒരു റോഡ് വരാൻ പോകുകയാണ്. പക്ഷേ വാട്ടർ അതോറിറ്റിക്ക് ഫണ്ട് നൽകാത്തതുകൊണ്ട് ആ നിർമ്മാണം നടക്കുന്നില്ല. അവിടെ എന്താണ് ചെയ്യേണ്ടതെന്ന് അറിയാത്ത

അവസ്ഥയാണ്. അഥവാ പൈപ്പിന്റെ വർക്ക് നടത്താതെ റോഡ് നിർമ്മാണം നടത്തിയാൽ ഉടൻതന്നെ പൈപ്പിടാൻ ആ റോഡ് മുഴുവൻ വെട്ടിപ്പൊളിക്കും. അതുകൊണ്ട് റോഡിന്റെ നിർമ്മാണം നടത്തണോ വേണ്ടയോയെന്നുള്ളതാണ്. ഇത്രയും വലിയ ഒരു പദ്ധതി വരുമ്പോൾ അതിനുള്ള ഫണ്ട് നേരത്തെ കണ്ട് വകയിരുത്തേണ്ടതല്ലേ? കുടിവെള്ള രംഗത്ത് ഒരു വിപ്ലവം നടത്താൻ സാധിക്കുന്ന പദ്ധതിക്ക് മുൻഗണാനാടിസ്ഥാനത്തിൽ ഫണ്ട് നീക്കിവയ്ക്കേണ്ടതല്ലേ? കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും പഞ്ചായത്ത് വിഹിതവും കണ്ടെത്തി അതിന്റെ മാനേജ്മെന്റ് ശരിയായ രീതിയിൽ ഉദ്യോഗസ്ഥർ പ്രൊഫഷണലിസം നടത്തിയിരുന്നെങ്കിലും അതിനനുസരിച്ചുള്ള ഫണ്ടും അനുവദിച്ചിരുന്നെങ്കിൽ ഈ പദ്ധതി വലിയ വിപ്ലവം സൃഷ്ടിക്കുമായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ഉൽസാഹിക്കാത്തതുകൊണ്ടോ താൽപ്പര്യമില്ലാത്തതുകൊണ്ടോ ആണെന്ന് ഞങ്ങൾ പറയുന്നില്ല. അതാണ് നടപടി നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് നിദാനമായ പ്രശ്നം. ഇത്രയും വലിയ പദ്ധതി വന്നിട്ട് ഇപ്പോൾ അത് തടസ്സപ്പെട്ടിരിക്കുന്നുവെന്ന തോന്നലാണ്. ഈ പദ്ധതിയും നടക്കാതെ

പോകുമോയെന്നുള്ള ആശങ്കയും സ്തംഭനാവസ്ഥയുമുണ്ട്. നമുക്ക് മഴക്കാലത്ത് ധാരാളം വെള്ളം ലഭിക്കും. അത് പുഴയിലൂടെ ഒഴുകിപ്പോകുകയാണ്. അത് എവിടെയെങ്കിലും തടഞ്ഞുനിർത്തി സോഴ്സിൽ വെള്ളത്തിന്റെ ലെവൽ വർദ്ധിപ്പിച്ച് വിതരണം ചെയ്യാനുള്ള എല്ലാ സംവിധാനങ്ങളും നമുക്കുണ്ട്. അതിനുള്ള റിസോഴ്സ് നമുക്കുണ്ട്. പക്ഷേ അതിനുള്ള ഫണ്ട് കണ്ടെത്തി കാര്യക്ഷമത വർദ്ധിപ്പിക്കണമെന്നുള്ള കാര്യം ചർച്ച ചെയ്യണമെന്നാണ് ഞങ്ങൾ ആവശ്യപ്പെട്ടത്. അത് അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, 44,000 കോടി രൂപ ചെലവഴിച്ചുള്ള പദ്ധതിയിൽ ഇത്രയും നാളുകളായി ഒൻപതിനായിരം കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂവെന്ന് കാണുമ്പോൾതന്നെ എവിടെയോ പ്രശ്നമുണ്ടെന്ന് വ്യക്തമാണ്. അഡീഷണൽ സോഴ്സ് വേണമെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്, അതുപോലെ റോഡുകളുടെ പുനഃസ്ഥാപിക്കൽ എന്നിവയിലുള്ള

ഏകോപനമില്ലായ്മ വളരെ വ്യക്തമാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ കക്ഷിയും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ധനകാര്യ പിന്തുണയുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമ്പോൾ, അങ്ങ് തന്നെ 12-06-2024-ൽ ചോദ്യം നമ്പർ 1092-ന് നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത് മാച്ചിംഗ് ഗ്രാൻഡ് വകയിരുത്തുന്നതിൽ കാലതാമസ്സമുണ്ടാകുകയും അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി വിഹിതത്തിന്റെ തുടർന്നുള്ള ഗഡുക്കൾ കഴിഞ്ഞ സാമ്പത്തികവർഷം ലഭ്യമായിട്ടില്ലെന്നുമാണ്. സാമ്പത്തിക മിസ്മാനേജ്മെന്റാണ് ഈ വർക്ക് നീണ്ടുപോകാനുള്ള പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന്. ആനുപാതികമായ തുക സമയബന്ധിതമായി നൽകാൻ കഴിയുന്നില്ലെന്നത് യാഥാർത്ഥ്യം തന്നെയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചത് 2024-25-ൽ 1935 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചു. അതിന്റെ ആദ്യഗഡു ലഭിച്ചു. അതിന്റെ മാച്ചിംഗ് ഗ്രാൻഡ്

നൽകുകയും ചെയ്തു. 2023-24-ൽ അവസാനം വന്നതിന്റെ കാര്യം ഞാൻ പറഞ്ഞതാണ്. കേന്ദ്ര സർക്കാരിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ട തുക ലഭിക്കാതെ കടമെടുപ്പ് പരിധിയെപ്പോലും ചോദ്യം ചെയ്യപ്പെട്ട സ്ഥലത്തെ സ്തഗിളിംഗുണ്ടായി. അതിന്റെ അർത്ഥം ഈ തുക നൽകില്ലെന്നല്ല. ആ തുക വീണ്ടും നൽകിത്തുടങ്ങിയിട്ടുണ്ട്. അതിൽ ഒരു കുറവും വരില്ല. അതിലൊരു ബുദ്ധിമുട്ടുമുണ്ടാകില്ല. സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും സഹകരിച്ചുള്ള പദ്ധതി നടപ്പാക്കും. ഇതിനെ പോസിറ്റീവായി കണ്ടാൽ മതി. ഒരു സംശയവും വേണ്ട വരുന്ന ആറോ ഏഴോ മാസങ്ങൾ കഴിയുമ്പോൾ നിങ്ങൾക്ക് ബോധ്യമാകും. ഈ വർക്ക് ഗംഭീരമായി കേരളത്തിൽ നടപ്പിലാക്കാൻ സാധിക്കും.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇനിയുള്ള സമയം കൊണ്ട് ഈ വർക്ക് ഗംഭീരമായി നടപ്പിലാക്കുമെന്ന് പറഞ്ഞാൽ ആർക്കും അത് വിശ്വസിക്കാൻ സാധിക്കുന്ന സാഹചര്യമല്ല. കാരണം, നാല് വർഷം കൊണ്ട് പദ്ധതിയുടെ 40 ശതമാനം പോലും പൂർത്തീകരിക്കാൻ സാധിക്കാത്ത സംസ്ഥാനത്ത് ഇനിയും ശേഷിക്കുന്ന ഈ കാലയളവിൽ നിങ്ങൾ എങ്ങനെ പൂർത്തിയാക്കും.

മി. സ്പീക്കർ: അങ്ങനെ സമയം എടുക്കണ്ട. പ്ലീസ് .... പ്ലീസ് ....

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഈ പദ്ധതി നടപ്പിലാകില്ലെന്ന് പ്രതിപക്ഷം തീരുമാനിച്ചിരിക്കുകയാണ്. എന്നാൽ ഈ പദ്ധതി പൂർത്തിയാക്കുമെന്ന് കേരളത്തിലെ ജനങ്ങൾക്ക് ഉറപ്പുനൽകുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് ഈ ഉപക്ഷേപം തള്ളിയതാണ്. പിന്നെ ചർച്ചപോലെ അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞാൽ ശരിയാകില്ല.

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ പദ്ധതി ഭംഗിയായി പൂർത്തിയാകണമെന്നുള്ളതുകൊണ്ടാണ് ഇവിടെ ഉപക്ഷേപം കൊണ്ടുവന്നത്. ഇതിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ എം.എൽ.എ.-മാരും ഈ വിഷയത്തിൽ സഹകരിച്ചിട്ടുണ്ട്. ഞാൻ തന്നെ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട് എത്ര മീറ്റിംഗുകൾ വിളിച്ചിട്ടുണ്ട്. അങ്ങ് പരിശോധിച്ചുനോക്കിയാൽ മതി. ഇപ്പോൾ യോഗങ്ങൾ വിളിക്കാറില്ല. കാരണം, ഒരു പുരോഗതിയുമില്ല. ഉദ്യോഗസ്ഥർ വന്ന് വെറുതെ ഇരുന്നിട്ടുപോകുകയാണ്. ഒരു കാര്യം പറഞ്ഞാൽ, ഒന്നിനും ഫണ്ടില്ലെന്നാണ്

പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി, പിന്നെ എങ്ങനെയാണ് ചെയ്യുന്നത്. ഞങ്ങൾക്ക് ഈ പദ്ധതി നടക്കരുതെന്നല്ല, നടക്കണമെന്നാണ് പറയുന്നത്. അതിന് സർക്കാരിന്റെ കണ്ണുതുറക്കാൻ വേണ്ടിയാണ് ഈ വിഷയം ഉന്നയിച്ചത്. പഞ്ചായത്ത് റോഡുകൾ പഞ്ചായത്ത് അറ്റകുറ്റപ്പണി ചെയ്യുമെന്ന് പറഞ്ഞിരുന്നാൽ അത് നടക്കുന്ന വിഷയമല്ല. പഞ്ചായത്ത് റോഡുകളുടെ കാര്യത്തിൽ അടിയന്തരമായി സർക്കാരിന്റെ ഇടപെടലുണ്ടാകണം. അല്ലെങ്കിൽ വരും ദിവസങ്ങളിൽ വലിയ തോതിലുള്ള അപകടങ്ങൾ ആവർത്തിക്കുമെന്ന് ഞാൻ മുന്നറിയിപ്പ് നൽകാൻ ആഗ്രഹിക്കുകയാണ്. ഒപ്പംതന്നെ ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ വലിയ പിടിപ്പുകേടും ശ്രദ്ധക്കുറവുമുണ്ടായിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാക്കാൻ സാധിക്കാത്തത് സർക്കാർ ആവശ്യമായ ഹോംവർക്ക് ചെയ്യാത്തതുകൊണ്ടാണ്. ബൃഹത്തായ ഒരു പദ്ധതി ഇന്ന് ഇല്ലാതായിപ്പോയിക്കൊണ്ടിരിക്കുകയാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)